വോള്യം - 07 ലക്കം - 123 ഫെബ്രുവരി 2024 മലയാളം - ഇംഗ്ലീഷ്

# ഫിലിം വിഷൻ

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

filca
FILM LOVERS CULTURAL ASSOCIATION

DIGITAL MAGAZINE PUBLISHED BY FILCA FILM SOCIETY

Website : www.filca.in E-mail: filcakerala@gmail.com

FILCA FILM SOCIETY IN ASSOCIATION WITH IFFT TRICHUR, COLLEGE OF FINE ARTS, CHALACHITHRA AKADEMY, KSFDC, SOORYA FILM SOCIETY, CHALACHITHRA FILM SOCIETY, BEAM FILM SOCIETY, SPARC FILM SOCIETY ( ISRO ), CET FILM SOCIETY ( ENGI. COLLEGE TVM) AND THALASTHANA POURA SAMITHI.

## INTERNATIONAL
## FOLKLORE SHORT - DOCUMENTARY
# FILM FESTIVAL

### AROUND 50 FILMS FROM 20 COUNTRIES

2023 NEW PACKAGE

16 FRI, 17 SAT FEBRUARY 2024 9:30 AM - 8 PM

INAUGURATION ON 16 FRI. AT 10 AM

SRI. V. SIVANKUTTY, HON. MINISTER FOR EDUCATION

CURATOR : SRI. CHERIYAN JOSEPH, IFFT TRICHUR







# സൗഭാഗ്യം
## ഇപ്പോൾ എല്ലാ ദിവസവും

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

### ചൊവ്വ
### സ്ത്രീശക്തി
ഒന്നാം സമ്മാനം
**₹75 ലക്ഷം**
ടിക്കറ്റ് വില
40 രൂപ മാത്രം

### തിങ്കൾ
### വിൻവിൻ
ഒന്നാം സമ്മാനം
**₹75 ലക്ഷം**
ടിക്കറ്റ് വില
40 രൂപ മാത്രം

### ബുധൻ
### ഫിഫ്റ്റി ഫിഫ്റ്റി
ഒന്നാം സമ്മാനം
**₹1 കോടി**
ടിക്കറ്റ് വില
50 രൂപ മാത്രം

### ഞായർ
### അക്ഷയ
ഒന്നാം സമ്മാനം
**₹70 ലക്ഷം**
ടിക്കറ്റ് വില
40 രൂപ മാത്രം

### ശനി
### കാരുണ്യ
ഒന്നാം സമ്മാനം
**₹80 ലക്ഷം**
ടിക്കറ്റ് വില
40 രൂപ മാത്രം

### വ്യാഴം
### കാരുണ്യ പ്ലസ്
ഒന്നാം സമ്മാനം
**₹80 ലക്ഷം**
ടിക്കറ്റ് വില
40 രൂപ മാത്രം

### വെള്ളി
### നിർമൽ
ഒന്നാം സമ്മാനം
**₹70 ലക്ഷം**
ടിക്കറ്റ് വില
40 രൂപ മാത്രം

**കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്**
www.statelottery.kerala.gov.in
kslott

FILCA FILM LOVERS CULTURAL ASSOCIATION
FILM LOVERS
CULTUTAL ASSOCIATION
SINCE 1999

COLLEGE OF FINE ARTS
THIRUVANANTHAPURAM

INTERNATIONAL
FOLKLORE SHORT - DOCUMENTARY

# FILM FESTIVAL

AROUND 50 FILMS
FROM 20 COUNTRIES
2023 NEW PACKAGE

**16 FRI , 17 SAT**

FEBRUARY 2024 9:30 AM - 8 PM

**SEMINAR HALL , COLLEGE OF FINE ARTS ,**
**PALAYAM , THIRUVANANTHAPURAM**

SEE THE ANNUAL SHOW 2024

ALL ARE WELCOME

INAUGURATION AT 10AM



**SRI . V. SIVANKUTTY**
Hon. Minister for Education & Labour



CURATOR : SRI CHERIYAN JOSEPH ,
IFFT TRICHUR

**FREE ENTRY**

FILCA FILM SOCIETY IN ASSOCIATION WITH IFFT , COLLEGE OF FINE ARTS ,CHALACHITHRA ACADEMY ,KSFDC , SOORYA FILM SOCIETY , CHALACHITHRA FILM SOCIETY , BEAM FILM SOCIETY ,SPARC FILM SOCIETY (ISRO) , CET FILM SOCIETY (ENGI. COLLEGE TVM) AND THALASTHANA POURA SAMITHI.

Filca : 8089036090 , 9847063190 ,9495376760
Chalachithra : 6282012711
Beam : 9495992739

filcakerala@gmail.com
FILCA film society Trivandrum
www.filca.in

ഫിലിം വിഷൻ

INTERNATIONAL FOLKLORE SHORT - DOCUMENTARY FILM FESTIVAL

4

PUBLISHED BY FILCA FILM SOCIETY

കേരള ഭാഗ്യക്കുറി

**FILM VISION**
**Digital Film Magazine**
**Website : www.filca.in**
**E-mail: filcakerala@gmail.com**

**FEBRUARY 2024**

WHATS INSIDE

## INDEX


| | | |
|---|---|---|
| **ലോകസിനിമയിലെ വലിയ മാസ്റ്റർപീസുകളിൽ ഒന്നാണ് സ്റ്റോക്കർ - അടൂർ ഗോപാലകൃഷ്ണൻ** |  | 10 |
| **കോളേജ് ഓഫ് ഫൈൻ ആർട്സ് : കലാകൈരളിയുടെ അഭിമാന പ്രതീകം** -- പ്രൊഫ. നാരായണൻകുട്ടി. കെ., പ്രിൻസിപ്പൽ, കോളേജ് ഓഫ് ഫൈൻ ആർട്സ്, തിരുവനന്തപുരം. |  | 14 |
| **ഫൈൻ ആർട്സ് കോളജിൽ സീ – ആനുവൽ ഷോയും ചലച്ചിത്രമേളയും - വാർത്ത** | | 16 |
| **പബ്ലിക് ലൈബ്രറി ഞായറാഴ്ച പൊതുജനത്തിനായി മുഴുവൻ സമയവും പ്രവർത്തിക്കണം - അടൂർ ഗോപാലകൃഷ്ണൻ - വാർത്ത** -- സാം ആന്റണി (ഫിൽക്ക ഫിലിം സൊസൈറ്റി) |  | 18 |
| **ഷോർട്ട് - ഡോക്യുമെന്ററി സിനിമകളുടെ ലോകം** -- സാബു ശങ്കർ (ജനറൽ സെക്രട്ടറി, ഫിൽക്ക ഫിലിം സൊസൈറ്റി) |  | 22 |
| **ചലച്ചിത്ര സംഗ്രഹം - International Folklore Short - Documentary film festival** -- അർപ്പണാ (വൈസ് പ്രസിഡണ്ട്, ഫിൽക്ക ഫിലിം സൊസൈറ്റി) |  | 35 |
| **കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനം - ഓർമ്മകളുടെ ഓളങ്ങൾ പരമ്പര ഭാഗം 2 : സിനിമയ്ക്കായി തിളച്ചുമറിഞ്ഞ കാലം** -- ഇ.ജെ. ജോസഫ്, ദർശന ഫിലിം സൊസൈറ്റി, കട്ടപ്പന |  | 45 |


GOVT OF KERALA
KERALA STATE
FILM DEVELOPMENT CORPORATION
PRESENTS
KSFDC
ചുരുൾ
സംവിധാനം
അരുൺ ജെ. മോഹൻ
Co-Writers ANANDHU SURESH, ASHIK R S DOP PRAVEEN CHAKRAPANI Editor DAVIS MANUEL Music MADHU PAUL
Art NITHISH CHANDRAN ACHARYA Chief Associate Director SAHEER ALI Makeup RATHEESH VIJAYAN Costume SHIBU PARAMESHWARAN
Production Controller SURESH MITHRAKARY Thrills MAFIA SASI Still SALISH PERINGOTTUKARA
AN INITIATIVE OF THE GOVERNMENT OF KERALA



CAST A LINE.
CATCH A SMILE.
Hang out in the idyllic backwaters of God's Own Country. Reconnect with absolute joy and peace. And rediscover that magical sense of togetherness.
kerala
God's Own Country
keralatourism.org
Come Together
in Kerala
WhatsApp 'Maya' and explore Kerala

INTERNATIONAL
FOLKLORE SHORT - DOCUMENTARY
**FILM FESTIVAL**
**16 & 17 FEBRUARY 2024**

# PROGRAM

**SEMINAR HALL & COLLEGE OF FINE ARTS**

Inauguration : 16.02.24, 10.00 AM



Inauguration by :
Sri. V. Sivankutty,
Hon. Minister for Education & Labour.



Welcome Speech by :
Sabu Sankar
( Novelist, Film Author, Documentary Film Maker ).



Presides by :
Prof. Narayanankutty, Principal, College of Fine Arts.



International Short - Documentary film package; Speech by :
Sri. Cheriyan Joseph, IFFT, Trichur
.



Felicitation :
Dr. B. Radhakrishnan, President, FILCA film society.



Vote of thanks :
Sri. Avinash. C.S., Students Secretary, CFA Film Club.

IN ASSOCIATION WITH IFFT THRISSUR, COLLEGE OF FINE ARTS, LOTTERY DEPT., CHALACHITRA ACADEMY, KSFDC, SOORYA FS, CHALACHITRA FS, BEAM FS, SPARC FS (ISRO), CET FS (ENGI. COLLEGE TVPM) AND THALASTHANA POURA SAMITHI

INTERNATIONAL
FOLKLORE SHORT - DOCUMENTARY
# FILM FESTIVAL
16 & 17 FEBRUARY 2024

## 2 DAYS SCREENING SCHEDULE

SEMINAR HALL,
COLLEGE OF FINE ARTS, PALAYAM, THIRUVANANTHAPURAM

## 2024 February 16th 9.30am to 8pm

**9:30 AM - 10 : 05 AM. 35 + Minutes**

1) Brazil- Sagrado Compor - Portuguese - 23:00 Min. - Dir: Henrique Dantas, Marcelo Abreu
2) Bangladesh - Life in the salt water - Bengali - 12: 14 - Dir: Samir Rahman

Break

**11 AM - 1:30 PM . 150+ Minutes**

3) Canada - The Gold Teeth - English, Persian - 15:00 Min. - Dir: Alireza Kazemipour
4) Chile - Chañar, Tears of Gold - Spanish - 20:25 Min. - Dir: Gonzalo Sepúlvedachañar
5) Chile - We were not Queens because we will be Goddesses- Spanish - 45 Min. - Dir: Gabriela Espinosa Hormazábal
6) China - Echo From Deep Valley - Tibetan - 19:13 Min. - Dir: ChunJing Wang
7) China - Voyage Home Chinese - 13:60 Min. - Dir: Jin Ruining
8) Colombia - My beautiful little house - Spanish - 8:00 Min. - Dir: Luber Yesid Zúñiga Ordóñes
9) Brazil -Trembling Bodies- Portuguese -13:45- Dir:Luíza Fonseca
10) Ecuador - WILLKAWIWA (The sacred fire of the dead)- Quechua - 14:52 Min. - Dir: Pável Quevedo Ullauri

Lunch Break

**3 PM - 5 : 05 PM. 123+ Minutes**

11) Egyp - "Younis I can't live without you" - Arabicn - 5:45 Min. - Dir: Yousef Tariq
12) Egypt - We Can Be Lost - Short - Documentary - 37:00 Min. - Dir: Manar El-Zohery
13) France - Jina And Prometheus - French, Kurdish - 12:43 Min. - Dir:chiya Tchiya, Mohammadi Ghasrian
14) France - The Last Transhumance - Ibrahim - Arabic, French - 8:40 Min. - Dir: Louise Thaller, Stanislas Giroux
15) France - AYITI, a Haitian story - French - 58:30 Min. - Dir: Clément Beauvois, Kevin Duval, Valentin Gaffie, Alexis Pautler

Break

**6 PM - 8 PM. 110 + Minutes**

16) Hungary - Pipás - 08:58 Min. - Dir: Lili Tóth
17) Kazakhstan - INKAR - Kazakh - 17:22 Min. - Dir: Raiymbek Alzhanov
18) Japan - The Journey: The Future of Kazakh Nomads - Kazakh - 12:40 Min. - Dir:Kazuya Isobe Bayan- Ulgii.
19) Kyrgyzstan - Oyum No Dialogue - 06:21 Min. Dir: Aidai Askarova
20) Kyrgyzstan - A Medic - Kirghiz - 24:00 Min. - Dir: Alizhan Nasirov
21) Lithuania - Taming The Wind Horse - English, Lithuanian, Mongolian - 38:43 Min. - Dir: Deivis Nutautas

## 2024 February 17th 9.30am to 8pm

**9:30 AM - 10 AM. 38+ Minutes**

22) Thailand - Nora Thai Fit - Thai - 37:19 Min. - Dir : Tantong Funyuang

Break

**11 AM - 1:30 PM. 150 + Minutes Focus : IRANIAN WOMEN FILMAKERS MOVIES**

23) Iran - Nowruz - Azerbaijani- 20 Min.- Dir: Erturan Najafi Gol - WFM
24) Iran - Maryam - Persian- 23:43 Min. - Dir:Elnaz Zhalehchin - WFM
25) Iran - BONE - Persian - 24:57 Min. - Dir: Goli Zarei WFM
26) Iran - One Day - Persian- 14:59 Min. - Dir:Nafiseh Zohari WFM
27) Iran - Float- Persian - 10:00 Min. - Dir: Niloufar Ahmadi Nabi WFM
28) Portugal - Tavern Descants- English- 11:45 Min. - Dir: Alexandre Baptista
29) Portugal - The faces of cowbell carriers - Portuguese -12:00 Min. - Dir: Tiago Coelho Cerveira
30) Poland - INUSSUK - Inuktitut - Polish - 15:37 Min.- Dir: Marcin Tomaszewski
31) Serbia- Tree Crown - Serbian - 15:00 Min. -Dir : Predrag Todorović

Break

**3 PM - 5:05 PM. 122 + Minutes**

32) Russian Federation - Piblokto - English, Russian - 37:49 Min. - Dir: Anastasia Shubina, Timofey Glinin
33) Russian Federation-EVSEYEV: Recognition at the cost of life-Russian- 25 Min. - Dir: Andrew Ogorodnikov
34) Russian Federation - Orchestra 18 - Russian - 16:52 Min. - Dir: Sofia Evgenyevna Filatova
35) Russian Federation - You smell like pilaf- Russian - 25:40 Min. - Dir: Margherita Kharkovskaya
36) Venezuela, Bolivarian Republic of Songs for a movie, or a movie for song - Spanish -16:45 Min. - Dir : German L. Ramos Briñez

**5: 45 PM - 8 PM. 135 + Minutes**

37) Spain - The Masked Pyrenees-Catalan, French, Spanish - 52:21 Min. - Dir: Domingo Moreno
38) Turkey - The Golden Girls of Etrim -Turkish - 16:02 Min. - Dir: Eren Aybars ARPACIK
39) Turkey - Asa Nisi Masa - Italian - 8:49 Min. - Dir: Saverio Tufano
40) Iran - Unfinished Man - English, Persian - 29:05 Min. - Dir: Nima Gholizadegan
41) Turkey - SAGU - English, Turkish- 9:17 Min. - Dir: Anıl Işılak



# ലോകസിനിമയിലെ വലിയ മാസ്റ്റർപീസുകളിൽ ഒന്നാണ് സ്റ്റോക്കർ

## – അടൂർ ഗോപാലകൃഷ്ണൻ

**ചി**ല വ്യക്തിപരമായ തിരക്കുകൾ മൂലം തർക്കോവ്സ്കിയെ കുറിച്ചു കാര്യമായ തയ്യാറെടുപ്പുകളുടെയല്ല വന്നിരിക്കുന്നത്. എങ്കിലും അനുഭവങ്ങളിൽ നിന്ന് ഓർക്കുന്ന ചിലതൊക്കെ പറയാം.

വർഷങ്ങൾക്കു മുൻപ് സോവിയറ്റ് യൂണിയനിൽ വച്ച് സംവിധായകരുടെ ഒരു സംഗമത്തിൽ സംസാരിച്ചു കൊണ്ടിരുന്ന കൂട്ടത്തിൽ എനിക്കിഷ്ടപ്പെട്ട തർക്കോവ്സ്കി സിനിമ സ്റ്റോക്കർ ആണെന്ന് പറഞ്ഞു കേട്ട ഒരു സംവിധായകൻ എന്നോട് ചോദിച്ചു, താങ്കൾക്ക് സ്റ്റോക്കറിൻറെ ഒരു പ്രത്യേകത അറിയാമോ? എന്ന് . ആദ്യം ഷൂട്ട് ചെയ്ത ചിത്രം തർക്കോവ്സ്കി പൂർണ്ണമായും വേണ്ടെന്നു വയ്ക്കുകയായിരുന്നു. നമ്മൾ ഇപ്പോൾ കാണുന്ന സ്റ്റോക്കർ രണ്ടാമത് പിന്നെയും ഷൂട്ട് ചെയ്തതാണ്. ഇത് സോവിയറ്റ് യൂണിയനിലല്ലാതെ ലോകത്ത് മറ്റെവിടെ നടക്കും? അദ്ദേഹത്തോട് എനിക്ക് അങ്ങോട്ട് തിരിച്ചൊന്നും പറയാനില്ലാതെയായി. കാരണം അതൊരു വലിയ സംഭവം തന്നെയാണ്. അവിടെ പലപ്പോഴും സ്റ്റേറ്റിൻറെ റെസ്ട്രിക്ഷൻ ഉണ്ടാകും, അതിൻറെ പരിമിധികൾക്കുള്ളിൾ നിന്നു വേണമായിരുന്നു ചലച്ചിത്രങ്ങളും കലാസൃഷ്ടികളും നടത്താൻ എന്നൊക്കെ പറയുമ്പോഴും ഒരു സത്യം സത്യമായി അവശേഷിക്കുന്നു. വലിയ മാസ്റ്റർ പീസുകളും ഏറ്റവും നല്ല കലാസൃഷ്ടികളും ഉണ്ടായിട്ടുള്ളത് ഏറ്റവും കൂടുതൽ സെൻസർഷിപ്പും നിയന്ത്രണങ്ങളും ഉണ്ടായിരുന്ന കാലത്തു തന്നെയാണ്.

ഈസ്റ്റ് യൂറോപ്യൻ രാജ്യങ്ങളെല്ലാം തന്നെ തങ്ങളുടെ ദേശീയ സ്വത്വത്തെ സോവിയറ്റ് യൂണിയൻ ഭരണകൂടം അധീശപ്പെടുത്തിയിരിക്കുന്നു എന്ന പരാതിക്കാർ ആയിരുന്നു. പ്രത്യേകിച്ച് അവിടെയുള്ള കലാകാരന്മാർ. ഇതിനെ പറ്റി സനൂസിയും മറ്റും സംസാരിച്ചതായി നമുക്കറിയാം. ഹങ്കറിയും പോളണ്ടും ചെക്കോസ്ലോവാക്യയും ഉൾപ്പെടെയുള്ള ഈസ്റ്റ് യൂറോപ്യൻ രാജ്യങ്ങളെല്ലാം രാഷ്ട്രീയമായി സോവിയറ്റ് യൂണിയൻറെ അധീശത്വത്തിലായിരുന്നു എന്ന സത്യം അവിടത്തെ ചരിത്രം അറിയാവുന്നവർക്ക് അറിയാം. പക്ഷേ ഈസ്റ്റ് യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള ഏറ്റവും നല്ല ചിത്രങ്ങളുണ്ടായിട്ടുള്ളത് സോവിയറ്റ് യൂണിയൻറെ അധീശകാലത്തായിരുന്നു. അതിനെ എങ്ങനെ സാധൂകരിക്കണമെന്ന് എനിക്കറിയില്ലെങ്കിലും സത്യമതാണ്.


സോവിയറ്റ് യൂണിയൻ പിന്നീട് പല രാഷ്ട്രങ്ങളായി മാറി . പരസ്പരം യുദ്ധം ചെയ്യുന്ന അവസ്ഥയിൽ എത്തി. ഇപ്പോൾ നമുക്ക് വളരെ അപൂർവ്വമായിട്ടാണ് ഈസ്റ്റ്

യൂറോപ്യൻ രാജ്യങ്ങളിൽ നിന്ന് ഭേദപ്പെട്ട ഒരു സിനിമ കാണാൻ കിട്ടുന്നത്.

ഞങ്ങളുടെ പണ്ടത്തെ ചിത്രലേഖ ഫിലിം സൊസൈറ്റിയുടെ ചലച്ചിത്രോത്സവങ്ങളിൽ ഏറ്റവും കൂടുതൽ കാണിച്ചിട്ടുള്ളത് ഈസ്റ്റ് യൂറോപ്യൻ രാജ്യങ്ങൾ നിന്നുള്ള ചലച്ചിത്രങ്ങളാണ്. ഈസ്റ്റ് യൂറോപ്യൻ രാജ്യങ്ങളിൽ നിന്ന് നിരവധി അതിമനോഹരവും നവനവങ്ങളുമായ സൃഷ്ടികൾ ഉണ്ടായി. അവിടെനിന്ന് ഒന്നോ രണ്ടോ സംവിധായകരാണ് അമേരിക്കയിൽ പോയി  സിനിമയെടുത്തത്.
നൈഫ് ഇൻ ദ വാട്ടർ എന്ന വിഖ്യാത ചിത്രമെടുത്ത റോമൻ പൊളാൻസ്കി പക്ഷേ ഹോളിവുഡ്ഡിൽ വലുതായിട്ടൊന്നും ചെയ്തില്ല. പിന്നീട് എടുത്ത പടങ്ങൾ ഒന്നും ആദ്യത്തെ പടത്തിന്റെ അടുത്തു വന്നില്ല എന്നുള്ളതാണ് സത്യം.

കലാകാരൻറെ പ്രവർത്തനത്തിൽ വരുന്ന എന്തോ ഒരു കെമിസ്ട്രിയുണ്ട്. എനിക്ക് തോന്നുന്നത് നിരോധങ്ങളും പരിശോധനകളുമൊക്കെ വരുമ്പോൾ അതിനെ ഒക്കെ തരണം ചെയ്ത് പുതിയ സൃഷ്ടികൾ നടത്താനുള്ള പ്രവണത കലാകാരന്മാരിൽ ഉണ്ടാവാറുണ്ട് എന്നതാണ് .

സോവ്യറ്റ് യൂണിയനിൽ തന്നെ വലിയ പ്രതിഭാശാലികളിൽ പലരും അവരുടെ ജീവിതകാലം ഏതാണ്ട് മുക്കാലും ജയിലിൽ കഴിച്ചിട്ടുണ്ട്.
' ഷാഡോസ് ഓഫ് ഫൊർഗോട്ടൺ ആൻ സെസ്റ്റേഴ്സ് ' എന്ന സിനിമ സംവിധാനം ചെയ്ത സെർജി പരാജനോവിനെ ഒരിക്കൽ വെനീസിൽ വച്ച് പരിചയപ്പെട്ടിട്ടുണ്ട്. ബിഷപ്പിൻ റെ വേഷത്തിൽ നടക്കുന്ന ഒരു രസികനായിരുന്നു പരാജനോവ്. എങ്കിലും ജീവിതത്തിൻറെ മുക്കാലും ജയിലുകളിൽ കഴിയേണ്ടി വന്ന ഒരു വ്യക്തിയായിരുന്നു അദ്ദേഹം. ഒട്ടേറെ ദുഃഖങ്ങളും ആരോപണങ്ങളും ഒക്കെ അദ്ദേഹത്തിന് നേരിടേണ്ടി വന്നിട്ടുമുണ്ട്. അങ്ങനെയുള്ള പലരുമുണ്ട്.



തർക്കോവ്സ്കി തന്നെ സോവ്യറ്റ് യൂണിയനിലെ മോസ്ഫിലിം എന്ന ഫിലിം എസ്റ്റാബ്ലിഷ്മെൻറുമായി തെറ്റിപ്പിരിഞ്ഞ് ഫ്രാൻസിലേക്ക് പോവുകയും  അവിടെനിന്നു ഇറ്റലിയിലും സ്വീഡനിലും പോയി പടങ്ങൾ എടുക്കുകയുമായിരുന്നു. അക്കാലത്ത് അദ്ദേഹം എടുത്ത സാക്രിഫൈസ് തുടങ്ങിയ സിനിമകൾ ഒരു ആസ്വാദകൻ എന്ന നിലയിൽ എനിക്ക് തീരെ ബോധ്യമായിട്ടില്ല. അത് മോശപ്പെട്ട സിനിമയാണ് എന്നല്ല പറയുന്നത്. പക്ഷേ സോവിയറ്റ് യൂണിയനിൽ വച്ച് എടുത്ത സിനിമകളുമായി തുലനം ചെയ്യാൻ പറ്റില്ല.

ലോകസിനിമയിലെ തന്നെ എണ്ണപ്പെട്ട വലിയ മാസ്റ്റർപീസുകളിൽ ഒന്നാണ് സ്റ്റോക്കർ എന്ന സിനിമ. വലിയ മുതൽമുടക്കിൽ ചെയ്ത സ്റ്റോക്കർ എന്ന സിനിമ മൊത്തത്തിൽ സ്ക്രാപ്പ് ചെയ്തിട്ട് രണ്ടാമത് വീണ്ടും അത്രതന്നെ മുതൽമുടക്കി വീണ്ടും നിർമ്മിച്ചു എന്നതുതന്നെ തർക്കോവ്സ്കി എന്ന വലിയ കലാകാരനെ അവിടെയുള്ള ഭരണസംവിധാനം അത്രത്തോളം ബഹുമാനിച്ചിരുന്നു എന്നു വേണം മനസ്സിലാക്കാൻ. ഇതൊക്കെ എങ്ങനെ സംഭവിച്ചു എന്നതിനെ പറ്റി നമുക്ക് അറിയാത്ത ഒരുപാട് മേഖലകൾ ഉണ്ട്.

നിങ്ങൾ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്ന സ്റ്റോക്കർ എന്ന സിനിമയെക്കുറിച്ച് ഞാൻ പ്രത്യേകിച്ച് പറഞ്ഞ് മനസ്സിലാക്കേണ്ട കാര്യമില്ല. പ്രേക്ഷകനെ കാഴ്ചകൾക്കപ്പുറത്തേക്ക് കൊണ്ടു പോയി ആത്മീയതയിൽ ആഴ്ത്തുന്ന ഒരു സിനിമയാണ് സ്റ്റോക്കർ. ആത്മീയതിയിലേക്ക് സമൃദ്ധമായി വഴുതിയിറങ്ങുന്ന ഒരു സിനിമ അക്കാലത്ത് സോവിയറ്റ് യൂണിയനിൽ അംഗീകൃത രീതിയിലുള്ള ഒരു സിനിമ ആയിരുന്നില്ല. അതിൻറെ മെച്ചം എന്നു പറയാവുന്നതും ഈ പ്രത്യേകതയാണ്.



തർക്കോവ്സ്കിയെ പോലെയുള്ളവർ വരുന്നതിനു മുൻപ് ഒരു മാസ്റ്റർ എന്നു പറയാവുന്നത് ഐസൻസ്റ്റീൻ ആയിരുന്നു. ഐസൻസ്റ്റീൻ ഇവാൻ ദ ടെറിബിൾ എന്ന സിനിമ എടുക്കുമ്പോൾ സ്റ്റാലിൻ ഭരണത്തിൽ ഇരിക്കുകയാണ്. സ്റ്റാലിൻ ഭരണകൂടവുമായി വളരെ അടുത്തു പ്രവർത്തിച്ചിരുന്ന ആളാണ് ഐസൻസ്റ്റീൻ. ഇവാൻ ദ ടെറിബിൾ എന്ന സിനിമയുടെ രണ്ടാം ഭാഗം എടുത്തപ്പോൾ അത് സ്റ്റാലിനെ പറ്റി ആയിരിക്കുമെന്നു സംശയം തോന്നിയതു കാരണം ആ ചിത്രം മാറ്റി വെപ്പിക്കുകയായിരുന്നു. വർഷങ്ങൾക്ക് കഴിഞ്ഞ് സ്റ്റാലിൻറെ മരണ ശേഷം ബ്രിട്ടീഷ് അഭിനേത്രിയും, നാടക/സിനിമാ ക്രിട്ടിക്കും ബയോഗ്രാഫറും ആയിരുന്ന മാരി സേറ്റൺ റഷ്യ സന്ദർശിച്ച വേളയിൽ ഈ ചിത്രത്തെ പറ്റി കേൾക്കുകയും അതു പ്രദർശിപ്പിച്ചു കാണുകയും ചെയ്തു. അതിൻറെ പ്രദർശനം താമസിപ്പിച്ചതിനെ ചുറ്റിപറ്റി ഒരുപാട് ദുരൂഹതകളുണ്ട്.

' സിനിമ ഈസ് ഇംപോർട്ടന്റ് ഓഫ് ഓൾ ആർട്ട്സ് ' എന്ന് ലെനിൻ 1917 - ൽ പറയുകയുണ്ടായി. സിനിമയുടെ കലാപരമായ മൂല്യത്തെ കുറിച്ചല്ല മറിച്ച് പുതുതായി കെട്ടിപ്പടുത്ത രാഷ്ട്രം എന്ന നിലയിൽ റഷ്യയുടെ ആശയങ്ങൾ സുഗമമായി എല്ലാ ഭാഗത്തേക്കും എത്തിക്കുവാനും പ്രചരിപ്പിക്കുവാനും സാധിക്കുന്ന മാധ്യമമായി സിനിമയെ കണ്ടതു കൊണ്ടാണ് അദ്ദേഹം ഇങ്ങനെ പറയാൻ ഇടയായത്. അദ്ദേഹ ത്തിൻറെ രാഷ്ട്രീയലക്ഷ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ' സിനിമ ഈസ് ഇംപോർട്ടന്റ് ഓഫ് ഓൾ ആർട്ട്സ് ' എന്നു പറഞ്ഞതെങ്കിലും പിന്നീട് അത് സത്യമായി മാറി. കാരണം  സിനിമയെ പോലെ മറ്റൊരു കലാരൂപം ഇല്ല. മനുഷ്യൻറെ സംസ്കാരത്തെ ഒത്തുനോക്കിയാൽ ഇത്രത്തോളം ആഴത്തിലുള്ള മെഡിറ്റേഷന് സഹായിക്കുന്ന, ആഴത്തിലുള്ള ചിന്തകളിലേക്ക് നയിക്കുന്ന, നമ്മിലേക്ക് തന്നെ നയിക്കുന്ന സിനിമ പോലെ മറ്റൊരു മാധ്യമം വേറെ ഇല്ല എന്നുള്ളതാണ് വാസ്തവം. സാഹിത്യത്തിൽ ദസ്തയേവ്സ്കിയെ പോലെയുള്ളവർ ഇതിനു സഹായിച്ചു എന്നത് മറക്കുന്നില്ല.

സിനിമയുടെ ഒരു പ്രത്യേകത നമ്മളത് കണ്ടുകൊണ്ടിരിക്കുന്ന സമയം ആ പടം നമ്മുടെ ഉള്ളിൽ നടക്കുകയാണ്. നമ്മളും അതിന്റെ ഭാഗഭാക്കാവുകയാണ്. അങ്ങനെ വേറൊരു കലാരൂപം ഇല്ല. അത് നാടകമായാലും ക്ഷേത്ര കലാരൂപങ്ങൾ ആയാലും സിനിമ പോലെ മറ്റൊന്നില്ല.

തർക്കോവ്സ്കിക്ക് ഒരുപാട് വ്യത്യസ്ത ആശയങ്ങൾ ഉണ്ടായിരുന്നു. തെളിഞ്ഞ വെള്ളത്തിനടിയിലെ പാറക്കഷണങ്ങൾ കാണുന്ന ഷോട്ടുകൾ, സോണിലുള്ള ഒരു സെല്ലാറിലെ ഷോട്ടുകൾ തുടങ്ങി വിവിധ ഷോട്ടുകൾ ജീവിതവും ജീവിതത്തിന്റെ

ഇടർച്ചകളുമാണ് കാണിക്കുന്നത്. അവസാനം അവിടെ ഒന്നുമില്ല എന്നും മനസ്സിലാക്കുന്നുണ്ട്. അന്വേഷണം തന്നെയാണ് നമ്മുടെ ജീവിതം എന്നു പറയാവുന്ന വളരെ സൈക്കോളജിക്കൽ, ഫിലോസഫിക്കൽ ലെവലിലേക്ക് വരുന്ന സിനിമയാണ് സ്റ്റോക്കർ.

ഇവിടെ കാണിക്കുന്ന കൂട്ടത്തിൽ ഇല്ലെങ്കിലും ഇതുപോലെതന്നെ മനോഹരമാണ് ആന്ദ്രേ റുബ്ളെവ് എന്ന സിനിമ. ഇത് രണ്ടുമാണ് തർക്കോവ്സ്കിയുടെ മാസ്റ്റർ വർക്സ് എന്ന് ഞാൻ കരുതുന്നു . മറ്റു ചിത്രങ്ങൾ മോശമാണ് എന്ന് അതിനർത്ഥമില്ല.



ഒരു കാര്യം എടുത്തു പറയേണ്ടത് ഇപ്പോൾ പബ്ലിക് ലൈബ്രറി പബ്ലിക്കുമായി ഒരു ബന്ധം സ്ഥാപിച്ചു എന്നതാണ് . ഇതിനു മുൻപ് ലൈബ്രറിക്ക് പബ്ലിക്കുമായി വലിയ ബന്ധം ഒന്നുമുണ്ടായിരുന്നില്ല. ഇപ്പോൾ ലൈബ്രറി ഒരു ലൈവ് ആയിട്ടുള്ള ഇടമായിട്ട് മാറി. ഇത്രയും മനോഹരമായ ഒരു ഹാൾ ഫിലിം സൊസൈറ്റിയുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കാൻ വിട്ടു കിട്ടുന്നത് ഒരു വലിയ ഭാഗ്യം തന്നെയാണ്. അതിന് അവസരം നൽകിയ സ്റ്റേറ്റ് ലൈബ്രേറിയനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. അവരുടെ ഇത്തരം ശ്രമങ്ങൾ വീണ്ടും ഉണ്ടാകട്ടെ. എഴുത്തുകാരും വായനക്കാരും കലാകാരന്മാരുമായുമൊക്കെയുള്ള ബന്ധങ്ങൾ ഇങ്ങനെ തുടർന്നു പോകേണ്ടതാണ്. ഏതാനും ആഴ്ചകൾക്കു മുൻപാണ് കോട്ടയം പബ്ലിക് ലൈബ്രറിയിൽ ഇതുപോലെ എയർകണ്ടീഷൻ ചെയ്ത ഒരു ഹാൾ ഫിലിം സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കായി എല്ലാവിധ സൌകര്യങ്ങളോടും കൂടി അനുവദിച്ചു കൊടുത്തത്. എനിക്ക് തോന്നുന്നത് പബ്ലിക് ലൈബ്രറികളുടെ ഹാളുകൾ ഫിലിം സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി തുറന്നു കൊടുക്കുന്നത് ഗവൺമെന്റിൻറെ തന്നെ നയമായിട്ട് വരേണ്ടതാണ് എന്നാണ്. അങ്ങനെ ഉണ്ടാകും എന്നും ഒരു പുനരുജ്ജീവനം ഫിലിം സൊസൈറ്റികളുടെ കാര്യത്തിൽ ഉണ്ടാകും എന്നും പ്രതീക്ഷിക്കുകയാണ്.

അതുപോലെ തന്നെ ഞായറാഴ്ച പ്രവർത്തി ദിവസം ആക്കിക്കൊണ്ട് തിങ്കളാഴ്ച അവധി കൊടുക്കണം എന്നുള്ളതും ഒരു ആവശ്യമാണ്.ഫിലിം സൊസൈറ്റിയുടെ പ്രദർശനത്തിന് ഹാൾ വിട്ടുകൊടുക്കുന്നത് ലൈബ്രറിയുടെ ഔദാര്യമല്ല, മറിച്ച് ആവശ്യമാണ്. ഇത്തരം ആവശ്യങ്ങൾ മനസിലാക്കി പ്രവർത്തിക്കുന്നതിനെ അഭിനന്ദിക്കുന്നതിനോടൊപ്പം ഞായറാഴ്ച പ്രവർത്തി ദിവസം ആക്കുക എന്ന ആവശ്യവും സർക്കാരിനോട് അപേക്ഷിച്ചു അനുമതി വാങ്ങി നടപ്പാക്കാൻ ഞാൻ ലൈബ്രേറിയനോട് ഈ അവസരത്തിൽ അപേക്ഷിച്ചു കൊള്ളുന്നു.

ലോകത്തിലെ മിക്കവാറും എല്ലാ ലൈബ്രറികളും ഞായറാഴ്ച്ച പ്രവർത്തിക്കുകയും തിങ്കളാഴ്ച അവധി കൊടുക്കുകയും ചെയ്യുന്നുണ്ട്. ഞായറാഴ്ച അവധി ദിവസമായതു കൊണ്ടും എല്ലാവർക്കും ലൈബ്രറി സന്ദർശിക്കാൻ സൌകര്യമായിരിക്കും എന്നതു കൊണ്ടും അത് ജനങ്ങൾക്കായി ഉപയോഗിക്കണം എന്ന് ഓർമ്മിപ്പിക്കുന്നു.
*(ഫിൽക്ക ഫിലിം സൊസൈറ്റിയുടെ താർകോവസ്കി ഫിലിം ഫെസ്റ്റിവൽ ഉദ്ഘാടന വേളയിൽ നടത്തിയ പ്രസംഗത്തിൽ നിന്ന് തയ്യാറാക്കിയത് - സാം ആൻറണി).*

★ ★ ★

ഫിലിം വിഷൻ
INTERNATIONAL FOLKLORE SHORT - DOCUMENTARY FILM FESTIVAL
PUBLISHED BY FILCA FILM SOCIETY



കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

# കോളേജ് ഓഫ് ഫൈൻ ആർട്സ് : കലാകൈരളിയുടെ അഭിമാന പ്രതീകം



പ്രൊഫ. നാരായണൻകുട്ടി. കെ.,
പ്രിൻസിപ്പൽ, കോളേജ് ഓഫ് ഫൈൻ ആർട്സ്, തിരുവനന്തപുരം.

**കേ**രള കലയിലെ തനത് പാരമ്പര്യത്തിന്റെ സുവർണ താളുകൾ മറിക്കുമ്പോൾ ആദ്യം തെളിയുന്ന ചിത്രമാണ് തിരുവനന്തപുരത്തെ കോളേജ് ഓഫ് ഫൈൻ ആർട്സ് . സുകുമാര കലകളുടെ ശാരദാപീഠം പോലെ അനന്തപുരിയുടെ ഹൃദയഭാഗത്ത് നിലകൊള്ളുന്ന ഈ കലാകേന്ദ്രം ആരംഭിച്ചത് 1888-ൽ. ചരിത്രത്തിന്റെ താളുകൾ മെല്ലെ മറിക്കുമ്പോൾ " സി. എഫ്. എ " യുടെ ഉദയചിത്രങ്ങളും കൗതുകകരം.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ, തിരുവിതാംകൂറിന്റെ ദന്തശില്പ പാരമ്പര്യം പുതിയ തലമുറകൾക്ക് കൈമാറുന്നതിനും രാജാക്കന്മാർക്കും ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്കും ഉന്നത ഉദ്യോഗസ്ഥർക്കും ലോകോത്തര ദന്ത ശിൽപങ്ങൾ നൽകുന്നതിനുമായി അക്കാലത്തെ തിരുവിതാംകൂർ ഗവൺമെന്റിന്റെ കീഴിൽ ദന്ത ആപ്പീസ് എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിച്ചു. തിരുവിതാംകൂർ രാജാവായിരുന്ന ശ്രീമൂലം തിരുനാളാണ് സ്ഥാപകൻ.

തിരുവിതാംകൂർ സ്റ്റേറ്റ് മാന്വൽ രേഖകൾ പ്രകാരം 1872-73 ൽ തിരുവനന്തപുരത്ത് ഹുസൂർ കച്ചേരിയോട് ചേർന്ന് ഒരു ആനക്കൊമ്പ് ശാല ഉണ്ടായിരുന്നതായി പറയുന്നുണ്ട്.

1884-85 കാലഘട്ടത്തിൽ ഈ ദന്തശില്പ ശാലയിൽ രണ്ട് ഡിസൈനർമാരും അഞ്ച് ആനക്കൊമ്പ് കൊത്തുപണിക്കാരും ഒരു അക്കൗണ്ടന്റും ഒരു പ്യൂണും ഉണ്ടായിരുന്നു. അവർക്ക് പ്രതിഫലം ഒരു രൂപയിൽ കവിയാത്ത തുക കണക്കാക്കി പ്രതിവർഷം 12 രൂപയും അനുവദിച്ചു.
പഴയ മദ്രാസ് പ്രൊവിൻസിലെ " മദ്രാസ് സ്കൂൾ ഓഫ് ആർട്സി"ന്റെ ചുവടുപിടിച്ച് , തിരുവിതാംകൂർ ദന്ത ആപ്പീസ് " സ്കൂൾ ഓഫ് ആർട്സ് " എന്ന് നാമകരണം ചെയ്തു. യഥാർത്ഥ പേര് "ഹിസ് ഹൈനസ് ദി മഹാരാജാസ് സ്കൂൾ ഓഫ് ആർട്സ്, ട്രാവൻകൂർ ".

1887-88-ൽ മദ്രാസ് സ്കൂൾ ഓഫ് ആർട്സിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കാൻ മഹാരാജാവ് ശ്രീ.കെ.നാരായണ അയ്യരെ നിയമിച്ചു. അദ്ദേഹം പിന്നീട് തിരുവിതാംകൂറിലെ മഹാരാജാസ് സ്കൂൾ ഓഫ് ആർട്സിന്റെ സൂപ്രണ്ടായി നിയമിതനായി. അദ്ദേഹത്തിന് ശേഷം ശ്രീ.എം.ആർ.മാധവൻ ഉണ്ണിത്താൻ സൂപ്രണ്ടായി 1920 മുതൽ 1930 വരെ പ്രവർത്തിച്ചു. അതിനുശേഷം അന്നത്തെ ദിവാൻ ശ്രീ.സി.പി.രാമസ്വാമി അയ്യർ ശ്രീ.ടി.എസ്.ശേഷാദ്രിയെ സൂപ്രണ്ടായി നിയമിച്ചു. തിരുവിതാംകൂർ

രാജകൊട്ടാരത്തിന്റെ ചിത്രകാരനായിരുന്നു ടി. എസ്. ശേഷാദ്രി.

ഈ സ്കൂളിൽ മരം കൊത്തുപണി, മൺപാത്ര നിർമാണം, ടെക്സ്റ്റൈൽ വിഭാഗങ്ങൾ പ്രവർത്തിച്ചിരുന്നതായി ഫൈൻ ആർട്സ് കോളജ് പ്രിൻസിപ്പലും ചിത്രകാരനുമായ സി. എൽ. പൊറിഞ്ചുക്കുട്ടി സാക്ഷ്യപ്പെടുത്തി യിട്ടുണ്ട് . വളരെ ചെറിയ കാമ്പസിലായിരുന്നു സ്ഥാപനം പ്രവർത്തിച്ചിരുന്നത്. അതിനാൽ മൺപാത്ര നിർമാണം, കൊത്തുപണി, ടെക്സ്റ്റൈൽ വകുപ്പുകൾ വട്ടിയൂർക്കാവിലേക്ക് മാറ്റി. ഈ ക്യാമ്പസ് പെയിന്റിംഗ്, ശിൽപം, അപ്ലൈഡ് ആർട്ട് എന്നീ വിഭാഗങ്ങൾക്ക് മാത്രമായി മാറി. സ്ഥാപനത്തിന് അംഗീകാരം ലഭിച്ചതിനുശേഷം, സ്കൂൾ ഓഫ് ആർട്ട് ഡിപ്പാർട്ട്മെന്റ്, ഇൻഡസ്ട്രിയൽ ഡിപ്പാർട്ട്മെന്റ് എന്നിങ്ങനെ രണ്ടു വിഭാഗങ്ങളായി വിഭജിച്ചു. വ്യാവസായിക വിഭാഗത്തിൽ ലാക്വർ വർക്ക്, കുയിഫ്റ്റ്-ഗാരി, മരത്തിൽ കൊത്തുപണികൾ, ആനക്കൊമ്പ് പണി , തെങ്ങിൻ തോട് രൂപങ്ങൾ, മൺപാത്രങ്ങൾ, പോർസലൈൻ എന്നിവ ഉൾപ്പെടുന്നു. രണ്ടുവർഷത്തെ ജൂനിയർ കോഴ്സും സീനിയർ കോഴ്സും ഇവിടെ നടത്തിയിരുന്നു.

സ്കൂൾ ഓഫ് ആർട്സ് ആദ്യം വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലായിരുന്നു. പിന്നീട് ഇത് വ്യവസായ വകുപ്പിന്റെ ഭാഗമാക്കി. തിരുവിതാംകൂർ സർവ്വകലാശാല സ്ഥാപിതമായ തോടെ ഈ സ്ഥാപനം അതിന്റെ കീഴിലായി.1957-ൽ കേരള രൂപീകരണത്തിനു ശേഷം ഈ സ്ഥാപനം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുമായി. 1975-ൽ സ്കൂൾ ഓഫ് ആർട്സ് കോളേജ് ഓഫ് ഫൈൻ ആർട്സായി ഉയർത്തപ്പെടുകയും കേരള സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്യുകയും ചെയ്തു. ചിത്രകല, ശില്പകല, അപ്ലൈഡ് ആർട്ട് എന്നീ വിഷയങ്ങളിൽ ബി.എഫ്. എ കോഴ്സുകൾ ഇക്കാലത്ത് ആരംഭിച്ചു . 2004 - ൽ സ്കൾപ്ച്ചർ ഡിപ്പാർട്ട്മെന്റിൽ എം.എഫ്. എ കോഴ്സ് ആരംഭിച്ചു. 2015- ൽ പെയിന്റിങ് വിഭാഗത്തിലും എം.എഫ്. എ കോഴ്സ് ആരംഭിച്ചു.

കേരളത്തിലെ കലാ വിദ്യാഭ്യാസ രംഗത്തെ പ്രമുഖ സാന്നിധ്യമാണ് തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജ്. ലോകപ്രശസ്തരായ നിരവധി കലാകാരന്മാർ ഈ സ്ഥാപനത്തിൽ പഠിച്ചിട്ടുണ്ട്. രാജ്യത്തിനകത്തും പുറത്തും ശ്രദ്ധേയമായ നിരവധി കൃതികൾ സൃഷ്ടിക്കാനും അവർക്ക് കഴിഞ്ഞു. 1888-ൽ നിർമ്മിച്ച, കോളേജിന്റെ പരമ്പരാഗത ശൈലിയിലുള്ള പ്രധാന കെട്ടിടം , കലാകൈരളിയുടെ അഭിമാനത്തിന്റെ പ്രതീകമായി, നഗരത്തിന്റെ ഹൃദയഭാഗത്ത് തലയുയർത്തി നിൽക്കുന്നു.

ചിത്രകലയും ശിൽപ്പകലയും സാഹിത്യവും ചലച്ചിത്രകലയും ഒക്കെ സർഗാത്മക രൂപങ്ങളോടെ, നവീനമായ ആശയങ്ങളോടെ ആവിഷ്ക്കരിക്കപ്പെടണമെങ്കിൽ കലയെ സംബന്ധിച്ച സൗന്ദര്യതത്വശാസ്ത്രവും കലാചരിത്രവും നരവംശ സാംസ്കാരിക ചരിത്രവും ലോകാനുഭവ സ്വീകാര്യശേഷിയും ഗ്രഹണക്ഷമതയും ഒക്കെ അടിത്തറയായി വേണം. ഒപ്പം ഇതര കലാരൂപങ്ങളിൽ സംഭവിക്കുന്ന പരിവർത്തനങ്ങളും നിരീക്ഷിക്കണം. ഇക്കാലത്ത് ഏറെ പ്രാധാന്യമുള്ള വിശ്വസിനിമ ആസ്വദിക്കുന്നതിനായി ഒരു ഫിലിം ക്ലബ്ബും ഈ കലാലയത്തിൽ പ്രവർത്തിക്കുന്നു. ഓരോ ആഴ്ചയിലും ക്ളാസിക് സിനിമകൾ പ്രദർശിപ്പിക്കുന്നു. പ്രഭാഷണങ്ങൾ സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം നടത്തുന്നു. ഫിലിം ഫെസ്റ്റിവലുകളിൽ വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. ഫിൽക്ക പോലുള്ള ഫിലിം സൊസൈറ്റിയുമായി ചേർന്ന് ലോക ക്ളാസിക്കൽ ചലച്ചിത്രകലയുടെ വൈവിധ്യമാർന്ന സൗന്ദര്യ - ദാർശനിക മണ്ഡലങ്ങൾ പ്രദർശിപ്പിക്കുവാനും ഇവിടെ സൗകര്യമൊരുക്കുന്നു.

★ ★ ★

# ഫൈൻ ആർട്സ് കോളജിൽ സീ - ആനുവൽ ഷോയും ചലച്ചിത്രമേളയും

വാർത്ത

തിരുവനന്തപുരം ഫൈൻ ആർട്സ് കോളജിൽ അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും കലാസൃഷ്ടികൾ പ്രദർശനത്തിനായി ഒരുങ്ങുന്നു. ഫെബ്രുവരി 12 മുതൽ 26 വരെ നീണ്ടു നിൽക്കുന്ന ആനുവൽ ഷോയ്ക്കു വേണ്ടി ഏകദേശം അഞ്ഞൂറിൽ അധികം വർക്കുകളാണ് തയ്യാറാക്കിയിട്ടുള്ളത്. ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ എസ്. രാജശ്രീ ഫെബ്രുവരി 12 ന് 11 മണിക്ക് ഫൈൻ ആർട്സ് കോളജിലെ സെമിനാർ ഹാളിൽ വച്ച് പരിപാടിയുടെ ഉദ്ഘാടനം നിർവഹിക്കും.



ഒന്നാം വർഷ ബിഎഫ്എ വിദ്യാർത്ഥികൾ മുതൽ അവസാന വർഷ എംഎഫ്എ വിദ്യാർത്ഥികളും അധ്യാപകരും അവരുടെ കലാസൃഷ്ടികൾപ്രദർശിപ്പിക്കുന്നുണ്ട്.

പെയിന്റിംഗ്, അപ്ലൈഡ് ആർട്ട്, ശിൽപകല എന്നീ ഡിപാർട്ടുമെന്റുകളിൽ നിന്നുമായി ഡിസൈൻസ്, ചിത്രങ്ങൾ, ശില്പങ്ങൾ, ഇൻസ്റ്റലേഷൻസ് എന്നിവ പ്രദർശനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുസമൂഹത്തിന് കോളേജിന്റെ കലാപ്രവർത്തനങ്ങളുമായി സംവദിക്കാനുള്ള ഒരു വേദി കൂടിയാണ് ഈ പ്രദർശനം.

ആനുവൽ ഷോയുടെ ഭാഗമായി വിവിധ വിഷയങ്ങളിലുള്ള പ്രസന്റേഷനുകളും ചർച്ചകളും വർക്ഷോപ്പുകളും സംഘടിപ്പിക്കപ്പെടും. ഫെബ്രുവരി 16,17 തീയതികളിൽ ഫിൽക്ക ഫിലിം സൊസൈറ്റി അവതരിപ്പിക്കുന്ന ഇൻറ്റർനാഷണൽ ഫോക് ലോർ ഷോർട്-ഡോക്യുമെൻററി ഫെസ്റ്റിവലും നടക്കുന്നുണ്ട്. വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടിയാണ് ചലച്ചിത്ര മേളയുടെ  ഉദ്ഘാടനം നിർവഹിക്കുന്നത്. ഇതുകൂടാതെ വിവിധ ദിവസങ്ങളിലായി മറ്റു സിനിമാ പ്രദർശനവും ഉണ്ടായിരിക്കും.

ഫിലിം വിഷൻ
INTERNATIONAL FOLKLORE SHORT - DOCUMENTARY FILM FESTIVAL
17
PUBLISHED BY FILCA FILM SOCIETY

വാർത്ത

എക്സിബിഷനും അനുബന്ധ പരിപാടികളും എല്ലാവർക്കും കാണാം. രാവിലെ 10 മണി തൊട്ട് വൈകിട്ട് 7 വരേയാണ് ഗാലറിയിലെ പ്രദർശന സമയം. വർഷങ്ങളായി

തിരുവനന്തപുരം ഫൈൻ ആർട്സ് കോളജ് നടത്തി വന്നിരുന്ന ആനുവൽ ഷോ കൊവിഡിനെ തുടർന്ന് 2020 മുതൽ സംഘടിപ്പിക്കുവാൻ സാധിച്ചിരുന്നില്ല. എന്നാൽ അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും പരിശ്രമത്തിൽ 'സീ' എന്ന ആനുവൽ ഷോ വീണ്ടും അരങ്ങേറുകയാണ് .

★ ★ ★















ഫിലിം വിഷൻ
INTERNATIONAL FOLKLORE SHORT - DOCUMENTARY FILM FESTIVAL
18
PUBLISHED BY FILCA FILM SOCIETY
കേരള ഭാഗ്യക്കുറി



# പബ്ലിക് ലൈബ്രറി ഞായറാഴ്ച പൊതുജനത്തിനായി മുഴുവൻ സമയവും പ്രവർത്തിക്കണം

## - അടൂർ ഗോപാലകൃഷ്ണൻ

സാം ആന്റണി. (ഫിൽക്ക ഫിലിം സൊസൈറ്റി)

വാർത്ത

**തി**രുവനന്തപുരം : ഫിൽക്കയുടെ ജനുവരി മാസ ചലച്ചിത്രോത്സവത്തിൻറെ ഉദ്ഘാടനം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി ഹാളിൽ നടന്ന ചടങ്ങിൽ അടൂർ ഗോപാലകൃഷ്ണൻ നിർവഹിച്ചു. നോവലിസ്റ്റും പത്രപ്രവർത്തകനും ഫിൽക്ക ജനറൽ സെക്രട്ടറിയുമായ സാബു ശങ്കർ, ഫിൽക്ക പ്രസിഡണ്ട് ഡോ. ബി രാധാകൃഷ്ണൻ, ഫിൽക്ക വൈസ് പ്രസിഡൻറും നടിയുമായ അർപ്പണ തുടങ്ങിയവർ ചടങ്ങിൽ പ്രസംഗിച്ചു. ചടങ്ങിൽ മുൻകാല ഫിലിം സൊസൈറ്റി പ്രവർത്തകൻ ജോർജ്ജ് മാത്യു, ഫിൽക്ക ഫിലിം സൊസൈറ്റി വൈസ് പ്രസിഡൻറ് അർപ്പണ തുടങ്ങിയവർക്ക് ഫിൽക്കയുടെ ആദരവായി അടൂർ ഗോപാലകൃഷ്ണൻ പൊന്നാട ചാർത്തുകയുണ്ടായി.



ആന്ദ്രേ താർകോവ്സ്കിയുടെ ലോകപ്രശസ്തമായ നാലു ചലച്ചിത്രങ്ങളാണ് ഇത്തവണ പ്രദർശിപ്പിച്ചത്. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, കേരള ചലച്ചിത്ര അക്കാദമി, ബീം ഫിലിം സൊസൈറ്റി, സ്പാർക് ഫിലിം സൊസൈറ്റി (ഐ. എസ്. ആർ. ഓ), സി. ഇ. ടി ഫിലിം സൊസൈറ്റി (കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ട്രിവാൻഡ്രം), കേരള ലോട്ടറി ഡിപ്പാർട്ട്മെൻറ്, സൂര്യ ഫിലിം സൊസൈറ്റി, ചലച്ചിത്ര ഫിലിം സൊസൈറ്റി എന്നിവയുടെ സഹകരണത്തോടെയായിരുന്നു ഫെസ്റ്റിവൽ.

കൂടുതൽ പ്രേക്ഷകരെ എത്തിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ പരിപാടികളുമായി ഫിൽക ഫിലിം സൊസൈറ്റി മുന്നോട്ടു പോകുകയാണെന്ന് സാബു ശങ്കർ പറഞ്ഞു . 2 ലക്ഷം രൂപയോളം മുടക്കി ലേറ്റസ്റ്റ് ഫിലിം പ്രോജക്ടർ, സ്ക്രീൻ, ലേറ്റസ്റ്റ് ഓഡിയോ സിസ്റ്റംസ്, ഫിലിം സ്റ്റോർ ചെയ്യാനുള്ള ഡിജിറ്റൽ സംവിധാനങ്ങൾ തുടങ്ങിയവ വാങ്ങിയിട്ടുണ്ട്. കൂടാതെ ഈ വർഷം തന്നെ പുതിയ ഫിലിം പ്രൊജക്ടുകൾ, വർക്ഷോപ്പുകൾ തുടങ്ങിയവ നടത്താനും പദ്ധതി ഉണ്ട്. ഇതിനൊക്കെ സൊസൈറ്റിക്ക് വരുന്ന ചിലവുകൾ ഒരു വർഷമായി സ്പോൺസർഷിപ്പ് വഴി കണ്ടെത്തുകയാണ് ചെയ്യുന്നത്.

ലോകചലച്ചിത്രവേദിയിൽ ഒന്നാംകിട ചലച്ചിത്ര സംവിധായകരെ വിളിക്കുന്നത് മാസ്റ്റേഴ്സ്

ഫിലിം വിഷൻ

INTERNATIONAL FOLKLORE SHORT - DOCUMENTARY FILM FESTIVAL

19

PUBLISHED BY FILCA FILM SOCIETY

കേരള ഭാഗ്യക്കുറി

വാർത്ത

എന്നാണ്. കേരളത്തിൽ എത്രപേർ അറിയുന്നുണ്ടെന്നറിയില്ലെങ്കിലുംലോകസിനിമ വേദിയിൽ ഫിലിം മാസ്റ്റർ എന്ന നിലയ്ക്കാണ് മലയാളത്തിൻറെ സ്വന്തം അടൂർ ഗോപാലകൃഷ്ണൻ അറിയപ്പെടുന്നത്. തൻറെ സാന്നിധ്യം കൊണ്ട് ഈ വേദിയെ ധന്യമാക്കിയ അടൂർ ഗോപാലകൃഷ്ണനെ ഫിൽക ഫിലിം സൊസൈറ്റിയുടെ പേരിലും മറ്റു സൊസൈറ്റികളുടെ പേരിലും ലൈബ്രറി അംഗങ്ങളുടെ പേരിലും മറ്റു പ്രേക്ഷകരുടെ പേരിലുമുള്ള സന്തോഷവും നന്ദിയും അറിയിക്കുന്നു.

കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനങ്ങളുടെ തുടക്കത്തിലുള്ള പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഓർമ്മകൾ ഒരു പരമ്പരയായി ജനുവരി മാസം മുതൽ മാഗസിനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ മാസത്തെയും ഫിലിം ഫെസ്റ്റിവലും ചലച്ചിത്ര നിരൂപണവും മറ്റു ഫിലിം സൊസൈറ്റികൾ നടത്തുന്ന മേളകളുടെ കവറേജും എപ്പിസോഡുകളായി തിരിച്ചു കൊണ്ട് " സിനിമയുടെ വിശ്വജാലക"മെന്ന പരമ്പരയിൽ പ്രദർശിപ്പിക്കുവാൻ ആലോചിക്കുന്നുണ്ട്. അതിൻറെ ഉദ്ഘാടനം ഷാജി എൻ. കരുൺ കഴിഞ്ഞ മാസം നടത്തുകയുണ്ടായി. ഈ പരമ്പരയുടെ ആറ് എപ്പിസോഡുകൾ ഷൂട്ടിംഗ് പൂർത്തിയായി. നാല് എപ്പിസോഡുകൾ കൂടി ഷൂട്ട് ചെയ്യാനും ഉദ്ദേശിക്കുന്നുണ്ട്. മിക്കവാറും ഓ.ടി.ടി പ്ലാറ്റ്ഫോമിൽ കൂടിയായിരിക്കും പ്രദർശിപ്പിക്കുന്നത്. എല്ലാ ഫിലിം സൊസൈറ്റികളുടെയും മുന്നേറ്റമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്നും പറയുകയുണ്ടായി.

തർകോവ്സ്കി സിനിമകളിൽ താൻ ഏറ്റവും ഇഷ്ടപ്പെടുന്നത് സ്റ്റോക്കർ ആണെന്ന മുഖവുരയോടെ ചലച്ചിത്രകല, താർകോവ്സ്കി, സോവിയറ്റ് യൂണിയൻ, ഈസ്റ്റ് യൂറോപ്യൻ സിനിമ, സിനിമാ നിർമ്മാണത്തിലെ സ്പോൺസർഷിപ്പും സെൻസർഷിപ്പും എന്നീ വിഷയങ്ങളെ കുറിച്ചു അടൂർ ഗോപാലകൃഷ്ണൻ സംസാരിച്ചു. ഫിൽക്ക ഫിലിം സൊസൈറ്റിയുടെ വ്യത്യസ്തവും അനിവാര്യവുമായ  പ്രവർത്തനങ്ങളെ അഭിനന്ദിച്ചു.



മുൻകാലങ്ങളിൽ ഉണ്ടായിരുന്നത് പോലെ, ഞായറാഴ്ച മുഴുവൻ ലൈബ്രറിക്ക് പ്രവൃത്തി ദിവസം ആക്കുകയും തിങ്കളാഴ്ച ഉച്ചവരെ വേണമെങ്കിൽ അവധി ആക്കുകയും ചെയ്യുന്നതിനെ കുറിച്ചും സംസാരിച്ചു. ഞായറാഴ്ച നഗരവാസികൾക്ക് പുസ്തകം എടുക്കാനും റഫർ ചെയ്യാനും സാംസ്കാരിക പരിപാടികളിൽ പങ്കെടുക്കാനും കൂടുതൽ സൗകര്യമുണ്ടാകും. ഇപ്രകാരം ചെയ്യുന്നത് ചലച്ചിത്രോത്സവത്തിനേയും സഹായിക്കും. ഞായറാഴ്ച പ്രവൃത്തി ദിവസമാക്കുകയാണെങ്കിൽ വളരെയേറെ പ്രേക്ഷകർക്ക് എല്ലാ സിനിമകളും സൗജന്യമായി കാണുവാൻ സാധിക്കും എന്നും അറിയിച്ചു.

ഞായറാഴ്ച ലൈബ്രറി പ്രവർത്തന ദിവസമാക്കാൻ ലൈബ്രറിയുടെ ഭാഗത്തുനിന്നും എല്ലാ നടപടികളും സ്വീകരിക്കണമെന്ന് അദ്ദേഹം സ്റ്റേറ്റ് ലൈബ്രേറിയനോട് അഭ്യർഥിക്കുകയുണ്ടായി.

ചടങ്ങിൽ സംസാരിച്ച സ്റ്റേറ്റ് സെൻട്രൽ ലൈബ്രേറിയൻ ശോഭന മലയാളം

വാർത്ത

ലൈബ്രറിയുടെ റിസപ്ഷനിൽ നടത്തുന്ന അടൂർ ഗോപാലകൃഷ്ണൻറെ ഫോട്ടോ/പോസ്റ്റർ എക്സിബിഷനെ കുറിച്ചു പറയുകയും ജനുവരി 31 ന് രാവിലെ 11 മണിക്ക് നടത്തുന്ന സമാപന സമ്മേളനത്തിലേക്ക് ഏവരെയും ക്ഷണിക്കുകയുണ്ടായി.

തുടർന്ന് പഴയകാല ഫിലിം സൊസൈറ്റി പ്രവർത്തകരെ ആദരിക്കുന്നതിൻറെ ഭാഗമായി 1975 ൽ ആരംഭിച്ച ചലച്ചിത്ര ഫിലിം സൊസൈറ്റിയുടെ ആദ്യകാല പ്രവർത്തകനായ ജോർജ് മാത്യുവിന് അടൂർ ഗോപാലകൃഷ്ണൻ പൊന്നാട ചാർത്തി.

ഫിൽക്ക പ്രസിഡണ്ട് ഡോ. ബി രാധാകൃഷ്ണൻ ഇപ്രാവശ്യത്തെ ഫിലിം ഫെസ്റ്റിവലിൽ ഒരു വിശ്വവിഖ്യാതനായ ചലച്ചിത്ര പ്രവർത്തകൻ മറ്റൊരു വിശ്വവിഖ്യാതനായ ചലച്ചിത്ര പ്രവർത്തകൻറെ സിനിമകളുടെ പ്രദർശനം ഉദ്ഘാടനം ചെയ്യുന്നതിന്റെ പ്രത്യേകതയെ കുറിച്ച് സംസാരിച്ചു. തുടർന്ന് ഇരുപത്തിയഞ്ചാം വാർഷിക ആഘോഷത്തിന് തയ്യാറെടുക്കുന്ന ഫിൽക ഫിലിം സൊസൈറ്റി അതിൻറെ ക്രിയാത്മക പ്രവർത്തനങ്ങളുടെ ഭാഗമായി സ്ക്രിപ്റ്റ്റൈറ്റിംഗ്, എഡിറ്റിംഗ്, ആക്ടിംഗ് തുടങ്ങി സിനിമയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ പ്രൈമറി ആയിട്ടുള്ള ക്ലാസുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. ക്ലാസുകളിൽ പങ്കെടുക്കുന്നവർക്ക് സിനിമ എന്താണെന്ന അറിവ് പ്രദാനം ചെയ്യുക എന്ന ഉദ്ദേശം കൂടി ഉണ്ടായിരിക്കും. കോളേജുകളിൽ നടത്താൻ ഉദ്ദേശിക്കുന്ന സിനിമാ വണ്ടി എന്ന പദ്ധതി സർക്കാരിൻറെ അനുമതിക്കായി കാത്തിരിക്കുകയാണ്.

2021 ജനുവരി ഒന്നിന് മുൻപ് പത്ത് വർഷം തികഞ്ഞ ലൈഫ് മെമ്പർമാർ ആയിരം രൂപ കൂടി തന്ന് സൊസൈറ്റിയുടെ പ്രവർത്തനങ്ങളെ പിന്തുണയ്ക്കണം. ലൈഫ് മെമ്പർഷിപ് 3000 രൂപയാണ്. കാലാവധി പത്തു വർഷം. എന്നാൽ പ്രദർശനം എല്ലാവർക്കും സൗജന്യമായിരിക്കും. ഫിൽക്കയുടെ മെമ്പർമാർ അല്ലാത്തവർക്കും ചലച്ചിത്രോത്സവങ്ങളിലും ചട ങ്ങുകളിലും പങ്കെടുക്കാം . കൂടാതെ ഈ മാസം മുതൽ പ്രേക്ഷക പ്രതികരണം എന്ന പരിപാടി കൂടി ആരംഭിക്കുകയാണ്. പല സിനിമകളും രണ്ടും രണ്ടരയും മണിക്കൂറുകൾ വരുന്നതുകൊണ്ട് ക്രിയാത്മകമായ ഒരു അവലോകനത്തിന് സമയം കിട്ടാറില്ല. ഈയൊരു ബുദ്ധിമുട്ടിനെ മറികടക്കാനായി ഫിൽക്കയുടെ വെബ്സൈറ്റിലും മാസികയിലും പ്രേക്ഷകപ്രതികരണത്തിന് സൗകര്യം ഒരുക്കുന്നുണ്ട്. പ്രദർശിപ്പിച്ച സിനിമകളെക്കുറിച്ചുള്ള പ്രേക്ഷകരുടെ അഭിപ്രായങ്ങളും പ്രതികരണങ്ങളും ആഗ്രഹങ്ങളും അറിയിക്കാവുന്നതുമാണ്.

തുടർന്ന് സംസാരിച്ച ജോർജ് മാത്യു ചലച്ചിത്ര, തൻറെ ആരാധ്യ പുരുഷനും ഗുരുതുല്യനും കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ പിതാവ് എന്നു താൻ കരുതുന്ന അടൂർ ഗോപാലകൃഷ്ണനിൽ നിന്ന് ഫിൽക്ക ആദ്യകാല ഫിലിം സൊസൈറ്റി പ്രവർത്തകർക്ക് നൽകുന്ന ആദരം സ്വീകരിക്കാൻ സാധിച്ചത് ഒരു ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് നേടിയ അനുഭവമാണ് തനിക്ക് തന്നതെന്ന് അറിയിച്ചു . തൻറെ ജീവിതത്തിലെ അമൂല്യമായ നിമിഷമാണ്. തുടർന്ന് ഫിലിം സൊസൈറ്റികളുമായി ബന്ധപ്പെട്ടുള്ള തൻറെ പ്രവർത്തനങ്ങളും അനുഭവങ്ങളും അദ്ദേഹം വിശദീകരിക്കുകയുണ്ടായി.

അഭിനേത്രിയും ഫിൽക്ക വൈസ് പ്രസിഡന്റുമായ അർപ്പണ (ഗിരിജ സുരേന്ദ്രൻ) അടൂർ ഗോപാലകൃഷ്ണൻ എന്ന വിശ്വസംവിധായകനിൽ നിന്ന് പൊന്നാട കിട്ടിയത് അനുഗ്രഹമാണെന്ന് പറഞ്ഞു. അതിഥികൾക്കും ഭാരവാഹികൾക്കും കാണികൾക്കും നന്ദി അർപ്പിച്ചു.

★ ★ ★

ഫിലിം വിഷൻ
filca
INTERNATIONAL FOLKLORE SHORT - DOCUMENTARY FILM FESTIVAL
PUBLISHED BY FILCA FILM SOCIETY



കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം













ഫിലിം വിഷൻ
INTERNATIONAL FOLKLORE SHORT - DOCUMENTARY FILM FESTIVAL
PUBLISHED BY FILCA FILM SOCIETY
കേരള ഭാഗ്യക്കുറി



# ഷോർട്ട് - ഡോക്യുമെന്ററി സിനിമകളുടെ ലോകം



**സാബു ശങ്കർ**
**(ജനറൽ സെക്രട്ടറി, ഫിൽക്ക ഫിലിം സൊസൈറ്റി)**

**ഷോ**ർട്ട് - ഡോക്യുമെന്ററി ഫിലിമുകൾക്ക് സവിശേഷവും വ്യതിരിക്തവുമായ ഒരു ആകർഷണമുണ്ട്. അത് ഫീച്ചർ ഫിലിമുകളിൽ നിന്ന് അവയെ വ്യത്യസ്തമാക്കുന്നു. ആശയ വിനിമയത്തിലെ വേഗതയും ഘടനാപരമായ പരീക്ഷണങ്ങളും ഉള്ളടക്കത്തിൻറെ അന്വേഷണസ്വഭാവവും സിനിമയുടെ ലോകത്ത് പുതിയ അനുഭവം നൽകുന്നു.

ഹ്രസ്വചിത്രങ്ങൾക്ക് സാധാരണയായി പരിമിതമായ സമയമേ ഉണ്ടാകൂ, പലപ്പോഴും ഏതാനും മിനിറ്റ് മുതൽ ഏകദേശം 30 മിനിറ്റ് വരെ. സംക്ഷിപ്തവും കേന്ദ്രീകൃതവുമായ കഥപറച്ചിൽ പ്രോത്സാഹിപ്പിക്കുന്ന, ചുരുങ്ങിയ സമയത്തിനുള്ളിൽ സമ്പൂർണ്ണവും സ്വാധീനവുമുള്ള ഒരു കഥ പറയാൻ ഈ സമയപരിമിതി ചലച്ചിത്ര പ്രവർത്തകരെ പ്രചോദിപ്പിക്കുന്നു .

നൂതനമായ കഥപറച്ചിൽ സങ്കേതങ്ങൾ, തനതായ ദൃശ്യ ശൈലികൾ, പാരമ്പര്യേതര ആഖ്യാനങ്ങൾ എന്നിവ പരീക്ഷിക്കുന്നതിനുള്ള ഒരു വേദിയായി ചലച്ചിത്ര നിർമ്മാതാക്കൾ പലപ്പോഴും ഹ്രസ്വചിത്രങ്ങളെ ആശ്രയിക്കുന്നു. ഒരു ഫീച്ചർ ഫിലിമിന് ആവശ്യമായ സാമ്പത്തിക - സമയ ബാധ്യതയില്ലാത്തതിനാൽ സർഗാത്മക സംരംഭത്തിന് ഈ അതിവേഗരൂപം സഹായകരമാവുന്നു.

ഫീച്ചർ ഫിലിമുകളെ അപേക്ഷിച്ച് ചെറിയ ബഡ്ജറ്റിലാണല്ലോ ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കുന്നത്. ഈ പരിമിതി സർഗ്ഗാത്മകത വർദ്ധിപ്പിക്കുന്നതിലേക്ക് നയിച്ചേക്കാം. കാരണം ചലച്ചിത്ര പ്രവർത്തകർ അവരുടെ സന്ദേശം അറിയിക്കാൻ പുതിയ വഴികൾ കണ്ടെത്തുന്നു. അവിടെ വിപുലമായ സെറ്റുകൾക്കും സ്പെഷ്യൽ ഇഫക്റ്റുകൾക്കും പകരം കഥപറച്ചിൽ, ഛായാഗ്രഹണം, ശക്തമായ പ്രകടനങ്ങൾ എന്നിവയ്ക്കല്ലേ പ്രാധാന്യം ?

വളർന്നുവരുന്ന ചലച്ചിത്ര നിർമ്മാതാക്കൾക്കും എഴുത്തുകാർക്കും അഭിനേതാക്കൾക്കും അവരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും സിനിമയിൽ വ്യക്തിമുദ്ര പതിപ്പിക്കുന്നതിനും ഷോർട്ട് ഫിലിമുകൾ ഒരു സാധ്യതയാണ് . ചലച്ചിത്രമേളകളിലോ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലോ ശ്രദ്ധ നേടിയ ഷോർട്ട് ഫിലിമുകളിലൂടെയാണ് പല ചലച്ചിത്ര പ്രവർത്തകരും തങ്ങളുടെ ചലച്ചിത്രയാത്ര ആരംഭിച്ചത്.

ഫീച്ചർ ഫിലിമുകൾക്ക് വാണിജ്യപരമായി ലാഭകരമല്ലാത്ത പാരമ്പര്യേതര വിഷയങ്ങൾ ഹ്രസ്വചിത്രങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയും. മുഖ്യധാരാ സിനിമയിൽ ഇടമില്ലാത്ത കാഴ്ചപ്പാടുകളുടെയും തീമുകളുടെയും വൈവിധ്യം ഇത് അനുവദിക്കുന്നു. ഇവ ഫിലിം ഫെസ്റ്റിവലുകളിൽ അവതരിപ്പിക്കപ്പെടുമ്പോൾ ചലച്ചിത്ര പ്രവർത്തകർക്ക് കൂടുതൽ അംഗീകാരവും കിട്ടുന്നു .

ഫെസ്റ്റിവലുകളിൽ പലപ്പോഴും ഷോർട്ട് ഫിലിമുകൾക്ക് പ്രത്യേക വിഭാഗങ്ങളുണ്ട് . അവ നെറ്റ്‌വർക്കിംഗിനും വരുമാനത്തിനും അവസരങ്ങൾ സൃഷ്ടിക്കുന്നുമുണ്ട്.

ഓൺലൈൻ പ്ലാറ്റ്ഫോമുകളുടെ വരവോടെ, ഷോർട്ട് ഫിലിമുകൾ ആഗോള പ്രേക്ഷകരിലേക്ക് കൂടുതൽ എത്തിച്ചേരുന്നു. യൂട്യൂബ് , വീമിയോ പോലുള്ള പ്ലാറ്റ്ഫോമുകൾ ചലച്ചിത്ര നിർമ്മാതാക്കൾക്ക് അവരുടെ സൃഷ്ടികൾ ലോകമെമ്പാടുമുള്ള കാഴ്ചക്കാരുമായി പങ്കിടാനുള്ള മാർഗം തുറക്കുന്നു . ഇത് ഉള്ളടക്കത്തിന്റെ വിതരണത്തെ ജനാധിപത്യവൽക്കരിക്കുന്നു.

വലിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് മുമ്പ് ചലച്ചിത്രനിർമ്മാതാക്കൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കാനും കഥപറച്ചിലിന്റെ ക്രാഫ്റ്റ് പഠിക്കാനും ചലച്ചിത്രനിർമ്മാണത്തിന്റെ വ്യത്യസ്ത വശങ്ങളിൽ പരീക്ഷണം നടത്താനുമുള്ള ഒരു പരിശീലന കളരിയാണ് ഹ്രസ്വചിത്രങ്ങൾ. ഇത് സ്വാതന്ത്ര്യം , സംക്ഷിപ്തത, പരിമിതികൾക്കുള്ളിലെ സർഗ്ഗാത്മകത എന്നിവ ആവിഷ്ക്കരിക്കാൻ നവാഗതർക്കും പാരമ്പര്യേതര കഥപറച്ചിലുകാർക്കും വേദിയൊരുക്കുന്നു .

ഡോക്യുമെന്ററി സിനിമകൾക്കാവട്ടെ സാങ്കൽപ്പിക രീതിയിൽ നിന്നും ആഖ്യാന രീതിയിൽ നിന്നും വ്യത്യസ്തമായ സവിശേഷതകളും പ്രത്യേകതകളും ഉണ്ട്.

യഥാർത്ഥ ലോക വിഷയങ്ങളിലാണ് ഡോക്യുമെന്ററികൾ കണ്ണുനടുന്നത് . യഥാർത്ഥ ആളുകൾ, സംഭവങ്ങൾ, പ്രശ്നങ്ങൾ അല്ലെങ്കിൽ പ്രതിഭാസങ്ങൾ എന്നിവയിൽ അവ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ലോകത്തിന്റെ ആധികാരികവും സാങ്കൽപ്പികമല്ലാത്തതുമായ ചിത്രീകരണം കാഴ്ചക്കാർക്ക് യാഥാർത്ഥ്യത്തിന്റെ വശങ്ങളിലേക്കുള്ള ഒരു നേർക്കാഴ്ച പ്രദാനം ചെയ്യുന്നു.

ഒരു പ്രത്യേക വിഷയത്തെക്കുറിച്ചുള്ള വസ്തുതകൾ, വീക്ഷണങ്ങൾ, വിവരങ്ങൾ എന്നിവ അവതരിപ്പിച്ചുകൊണ്ട് ഡോക്യുമെന്ററികൾ പലപ്പോഴും ഒരു വിദ്യാഭ്യാസ ലക്ഷ്യം കൂടി ഉൾക്കൊള്ളുന്നുണ്ട് . ചരിത്രസംഭവങ്ങൾ, സാമൂഹിക പ്രശ്നങ്ങൾ, ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ, സാംസ്കാരിക പ്രതിഭാസങ്ങൾ എന്നിവയിലേക്ക് ആഴ്ന്നിറങ്ങുമ്പോൾ പ്രേക്ഷകർക്ക് മൂല്യവത്തായ ഉൾക്കാഴ്ചകൾ ലഭിക്കുന്നു .

ഡോക്യുമെന്ററികൾ സാമൂഹികവും രാഷ്ട്രീയവുമായ വിഷയങ്ങൾ മുതൽ ചരിത്ര സംഭവങ്ങൾ, ശാസ്ത്രം, പ്രകൃതി, കല എന്നിവയും അതിലേറെയും വിഷയങ്ങൾ ഉൾക്കൊള്ളുന്നതിനാൽ മുഖ്യധാരാ മാധ്യമങ്ങൾ താല്പര്യമെടുക്കാത്തതും ചിലപ്പോൾ വഴിതെറ്റിക്കുന്നതുമായ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ ചലച്ചിത്ര പ്രവർത്തകർക്ക് അവസരമൊരുക്കുന്നു .

വിദഗ്ധർ, ദൃക്സാക്ഷികൾ അല്ലെങ്കിൽ വിഷയത്തിൽ നേരിട്ട് ഉൾപ്പെട്ട വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖങ്ങൾ ഉൾപ്പെടുന്നതിനാൽ നേരിട്ടുള്ള വിവരണങ്ങൾ

ആഖ്യാനത്തിന് ആഴവും ആധികാരികതയും നൽകുന്നു . ഡോക്യുമെന്ററികൾ പലപ്പോഴും കഥപറച്ചിലിനും അന്വേഷണത്തിനും വിവരങ്ങൾ അവതരിപ്പിക്കുന്നതിനുമായി പലപ്പോഴും ആകർഷകവും ദൃശ്യപരവുമായ രീതിയിലുള്ള ഒരു പത്രപ്രവർത്തന സമീപനമാണ് സ്വീകരിക്കുന്നത്. ഈ സമീപനം പ്രേക്ഷകർക്ക് കൂടുതൽ ആഴത്തിലുള്ള അനുഭവം പ്രദാനം ചെയ്യുന്നുണ്ട് .

പല ഡോക്യുമെന്ററികളും സാമൂഹികമോ പാരിസ്ഥിതികമോ ആയ പ്രശ്നങ്ങളെക്കുറിച്ച് അവബോധം വളർത്തുകയും നല്ല മാറ്റത്തിനായി നിലകൊള്ളുകയും ചെയ്യുന്നു. അവയ്ക്ക് സോഷ്യൽ ആക്ടിവിസത്തിനുള്ള ശക്തമായ ഉപകരണങ്ങളായി വർത്തിക്കാൻ കഴിയും. ചില വിഷയങ്ങളിൽ നടപടിയെടുക്കാനോ വീക്ഷണങ്ങൾ പുനർവിചിന്തനം ചെയ്യാനോ കാഴ്ചക്കാരെ പ്രചോദിപ്പിക്കും.

യാഥാർത്ഥ്യത്തിൽ വേരൂന്നിയ ഡോക്യുമെന്ററികൾ കഥപറച്ചിൽ മെച്ചപ്പെടുത്താൻ സിനിമാറ്റിക് ടെക്നിക്കുകൾ ചിലപ്പോൾ ഉപയോഗിക്കുന്നു. ഇതിൽ ക്രിയേറ്റീവ് ഛായാഗ്രഹണം, എഡിറ്റിംഗ്, സംഗീതം , ആഖ്യാനത്തിന്റെ ഉപയോഗം എന്നിവ ശൈലീപരമായി സ്വീകരിച്ചേക്കാം .

ഹ്രസ്വ വാർത്താ വിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഡോക്യുമെന്ററികൾക്ക് ഒരു വിഷയം കൂടുതൽ ആഴത്തിൽ പര്യവേക്ഷണം ചെയ്യാൻ സാധിക്കും . സങ്കീർണ്ണമായ വിഷയങ്ങളുടെ കൂടുതൽ സമഗ്രമായ പരിശോധനയ്ക്കും ഒന്നിലധികം വീക്ഷണങ്ങളുടെ സൂക്ഷ്മമായ അവതരണത്തിനും അവസരമൊരുക്കുന്നു.

ഡോക്യുമെന്ററികൾക്ക് ചരിത്രരേഖകളായും വർത്തിക്കാൻ കഴിയും. സംഭവങ്ങൾ, സംസ്കാരങ്ങൾ, ഭാവി തലമുറകൾക്കായുള്ള സാമൂഹിക മാറ്റങ്ങൾ എന്നിവ പകർത്തുമ്പോൾ അവ യഥാർത്ഥ ലോക നിമിഷങ്ങളുടെ ദൃശ്യ- ഓഡിയോ ആർക്കൈവ് ആയിമാറുന്നു . ഇത് മനുഷ്യചരിത്രത്തിന്റെ തന്നെ രേഖപ്പെടുത്തലായി നിലനിൽക്കുന്നു .


മികച്ച ഡോക്യുമെന്ററികൾക്ക് നോൺ-ഫിക്ഷൻ സിനിമകൾക്കായുള്ള ഫിലിം ഫെസ്റ്റിവലുകൾ വഴി പ്രേക്ഷകരിലേക്ക് എത്താനും അംഗീകാരം നേടാനും വിതരണം നടത്താനും കഴിയും. സൺഡാൻസ്, ഹോട്ട് ഡോക്സ്, ഐഡിഎഫ്എ തുടങ്ങിയ മേളകൾ ഡോക്യുമെന്ററി ഫിലിം മേക്കിംഗിന്റെ കലയെ പ്രഘോഷിക്കുന്നവയാണ് .

ചുരുക്കത്തിൽ, യഥാർത്ഥ ലോക വിഷയങ്ങളോടുള്ള പ്രതിബദ്ധത, വിജ്ഞാനപരവും വിദ്യാഭ്യാസപരവുമായ ഉള്ളടക്കം, വൈവിധ്യമാർന്ന വിഷയങ്ങളുടെ പര്യവേക്ഷണം, സാമൂഹിക ശ്രദ്ധ സൃഷ്ടിക്കൽ എന്നിവയാണ് ഡോക്യുമെന്ററി ഫിലിമുകളുടെ പ്രത്യേകത. ലോകത്തെക്കുറിച്ചുള്ള ശക്തമായ വീക്ഷണം വെളിപ്പെടുത്തുകയും വിവിധ പ്രശ്നങ്ങളും പ്രതിഭാസങ്ങളും ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കുകയും ചെയ്യുന്നു.

നിരവധി ഷോർട്ട് ഫിലിമുകൾ ലോക ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുണ്ട്. ഇവ ചലച്ചിത്രകലയ്ക്ക് കാര്യമായ സംഭാവനകൾ നൽകി. റോബർട്ട് എൻറിക്കോ സംവിധാനം ചെയ്ത " ദി ഒക്യൂറൻസ് അറ്റ് ഔൾ ക്രീക് ബ്രിഡ്ജ് " (1962 -ഫ്രാൻസ് ) , ക്ലൗസ് ജൂത്ര സംവിധാനം ചെയ്ത " എ ചെയറി ടൈൽ " ( 1957 - കാനഡ ) , ക്രിസ് മാർക്കർ സംവിധാനം ചെയ്ത "ലാ ജെറ്റി" (1962) എന്ന ഫ്രഞ്ച് സയൻസ് ഫിക്ഷൻ ഷോർട്ട് ഫിലിം, ലൂയിസ് ബുനുവലും സാൽവഡോർ ഡാലിയും ചേർന്ന് സംവിധാനം ചെയ്ത "Un Chien Andalou" (1929 - ഫ്രാൻസ് )

, ആൽബർട്ട് ലാമോറിസ് സംവിധാനം ചെയ്ത "ദി റെഡ് ബലൂൺ" (1956 - ഫ്രാൻസ്) , മായ ഡെറനും അലക്സാണ്ടർ ഹമ്മീദും സംവിധാനം ചെയ്ത "മെഷസ് ഓഫ് ദി ആഫ്റ്റർനൂൺ" (1943 - യുഎസ്എ) , അലൈൻ റെനേ സംവിധാനം ചെയ്ത "നൈറ്റ് ആൻഡ് ഫോഗ്" (ഫ്രാൻസ് - 1956 ) , ചെറിൽ ദുന്യെ സംവിധാനം ചെയ്ത "ദി വാട്ടർമെലൺ വുമൺ" (യുഎസ്എ - 1997) , ആദം ഡേവിഡ്സൺ സംവിധാനം ചെയ്ത "ദി ലഞ്ച് ഡേറ്റ്" (യുഎസ്എ - 1989) , മാർട്ടിൻ മക്ഡൊനാഗ് സംവിധാനം ചെയ്ത "സിക്സ് ഷൂട്ടർ" (അയർലണ്ട് - 2004) തുടങ്ങിയവ ഷോർട് ഫിലിമുകളുടെ നീണ്ടനിരയിൽ ഏതാനും മാത്രം.

നിരവധി ഡോക്യുമെന്ററികൾ ലോക ക്ലാസിക് ശ്രേണിയിലുണ്ട് . ശാശ്വതമായ മുദ്ര പതിപ്പിച്ച ചില ലോക ക്ലാസിക് ഡോക്യുമെന്ററികളിൽ ആദ്യം ഓർക്കുന്നത് "നനൂക്ക് ഓഫ് ദ നോർത്ത്" ( യുഎസ്എ - 1922) ആയിരിക്കും . സംവിധാനം ചെയ്തത് റോബർട്ട് ജെ. ഫ്ലാഹെർട്ടി. സീഗ വെർതോവ് സംവിധാനം ചെയ്ത " മാൻ വിത്ത് എ മൂവി കാമറ ( റഷ്യ - 1929) , "ഗ്രിസ്ലി മാൻ" (2005) - സംവിധാനം - വെർണർ ഹെർസോഗ് , "ഷോ" (1985) - സംവിധാനം - ക്ലോഡ് ലാൻസ്മാൻ , "ബൗളിംഗ് ഫോർ കൊളംബൈൻ" (2002) - സംവിധാനം - മൈക്കൽ മൂർ ", "ദി ആക്റ്റ് ഓഫ് കില്ലിംഗ്" (2012) സംവിധാനം - ജോഷ്വ ഓപ്പൺഹൈമർ , " പാരീസ് ഈസ് ബേണിംഗ്" (1990) - സംവിധാനം - ജെന്നി ലിവിംഗ്സ്റ്റൺ , " ദി ആർട് ഓഫ് ടുബാക്കോ" സംവിധാനം - തോമസ് എലിയാ (ക്യൂബ - 1974) , തുടങ്ങി നിരവധി ഡോക്യുമെന്ററികൾ വൈവിധ്യമാർന്ന വിഷയങ്ങളും ശൈലികളും സമീപനങ്ങളും ഉൾക്കൊള്ളുന്നു, ശ്രദ്ധേയമായ യഥാർത്ഥ ജീവിത കഥകൾ പറയുന്നതിൽ ഡോക്യുമെന്ററി സിനിമകൾ വൈവിധ്യവും ശക്തിയും പ്രദർശിപ്പിക്കുന്നു.




ഹ്രസ്വചിത്രങ്ങളിൽ സിനിമയുടെ ഘടനാപരമായ പരീക്ഷണങ്ങൾക്ക് ഒട്ടേറെ സാധ്യതകളുണ്ട് . പലവിധ ശൈലികളും നമുക്ക് കാണാം .

ക്രമരഹിതമായ സംഭവങ്ങൾ അവതരിപ്പിക്കുന്ന ഒരു നോൺ-ലീനിയർ ടൈംലൈൻ ഉപയോഗിച്ച് ഒരു രൂപം സൃഷ്ടിക്കുമ്പോൾ കാഴ്ചക്കാർക്ക് ഒട്ടേറെ ചിന്തിക്കാൻ അവസരമൊരുക്കുന്നു . ബന്ധപ്പെട്ടതോ ബന്ധമില്ലാത്തതോ ആയ ഒന്നിലധികം കഥകൾ ഒരേസമയം പറയുമ്പോൾ അർത്ഥതലങ്ങൾക്ക് പല മാനങ്ങളും ലഭിക്കുന്നു . ഉപസംഹാരത്തോടെ സിനിമ ആരംഭിക്കുന്ന ശൈലിയിൽ കാലം പിന്നോട്ട് സഞ്ചരിക്കുന്ന സമീപനത്തിന് സസ്പെൻസും വ്യത്യസ്തമായ കാഴ്ചപ്പാടും ചേർക്കാൻ കഴിയും. ഒറ്റ ടേക്കിൽ മുഴുവൻ ഷോർട്ട് ഫിലിം

വോള്യം - 07 ലക്കം - 123 ഫെബ്രുവരി 2024 മലയാളം - ഇംഗ്ലീഷ്

ഫിലിം വിഷൻ

INTERNATIONAL FOLKLORE SHORT - DOCUMENTARY FILM FESTIVAL

PUBLISHED BY FILCA FILM SOCIETY



കേരള ഭാഗ്യക്കുറി

ഷൂട്ട് ചെയ്യുക എന്ന സാങ്കേതികതയ്ക്ക് കൃത്യമായ ആസൂത്രണം ആവശ്യമാണ് . ഈ രീതിക്ക് ഉടനടി യാഥാർത്ഥ്യബോധം സൃഷ്ടിക്കാൻ കഴിയും.

സംവേദനാത്മക കഥപറച്ചിൽ രീതിയിൽ ചില പ്രത്യേക ഘടകങ്ങൾ രൂപകങ്ങൾ പോലെ ഉപയോഗിക്കുന്നു . ഇത് ആഖ്യാന ദിശയുമായി ബന്ധപ്പെട്ട് ചില തിരഞ്ഞെടുപ്പുകൾ നടത്താൻ കാഴ്ചക്കാരെ അനുവദിക്കുന്നു. മോണ്ടാഷും കൊളാഷും ഉപയോഗിക്കുന്ന ശൈലിയിൽ ചിത്രങ്ങളുടെയും ശബ്ദങ്ങളുടെയും ദ്രുതഗതിയിലുള്ള പ്രയോഗത്തിലൂടെ വിവിധ വികാരങ്ങളും ആശയങ്ങളും സൃഷ്ടിക്കാൻ സാധിക്കുന്നു .

വസ്തുതയുടെ ആധികാരികത സൃഷ്ടിക്കുന്നതിന് ചിത്രീകരിച്ച ഫൂട്ടേജിന്റെ ഘടകങ്ങൾ വീണ്ടും ക്രമീകരിക്കുന്നു . തത്സമയ-ആക്ഷൻ ഫൂട്ടേജ് ആനിമേഷൻ, സ്റ്റോപ്പ്-മോഷൻ അല്ലെങ്കിൽ വിഷ്വൽ ആർട്ടിന്റെ മറ്റ് രൂപങ്ങൾ എന്നിവയുമായി സംയോജിപ്പിച്ച് അതുല്യവും ദൃശ്യപരമായി ശ്രദ്ധേയവുമായ സിനിമ സൃഷ്ടിക്കുന്നതാണ് മിക്സഡ് മീഡിയ . വികാരങ്ങൾ ഉണർത്തുന്നതിനോ അമൂർത്തമായ ആശയങ്ങൾ പര്യവേക്ഷണം ചെയ്യുന്നതിനോ ചിത്രങ്ങൾ, ശബ്ദങ്ങൾ, വാക്കുകൾ എന്നിവ ഉപയോഗിച്ച് ഒരു ദൃശ്യകാവ്യം തന്നെ സൃഷ്ടിക്കാം .

ഒന്നിലധികം വീക്ഷണകോണുകളിൽ നിന്ന് കഥ പറയാം . ഓരോ കഥാപാത്രവും അവരവരുടേതായ സംഭവങ്ങൾ ആഖ്യാനം ചെയ്യുന്നു. ഈ രീതിക്ക് സൂക്ഷ്മവും ബഹുമുഖവുമായ ഒരു ചിന്താമണ്ഡലം സൃഷ്ടിക്കാൻ കഴിയും. ശക്തമായ ഒരു സന്ദേശം നൽകുന്നതിന് ചുരുക്കം ചില ഘടകങ്ങളിൽ (ഒരു സംഭാഷണം, ഏതാനും ദൃശ്യങ്ങൾ അല്ലെങ്കിൽ ഒരു പ്രത്യേക ശബ്ദം) ശ്രദ്ധ കേന്ദ്രീകരിച്ച് മിനിമലിസം പരീക്ഷിക്കാവുന്നതാണ് .

ദൃശ്യപരമായി ശ്രദ്ധേയമായ അനുഭവം സൃഷ്ടിക്കുന്നതിന് സ്പ്ലിറ്റ് സ്ക്രീനുകൾ, മിറർ ഇഫക്റ്റുകൾ അല്ലെങ്കിൽ പാരമ്പര്യേതര സിനിമാറ്റിക് ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കുന്നു . ദൃശ്യപരമായി വ്യതിരിക്തവും പരീക്ഷണാത്മകവുമായ രൂപം സൃഷ്ടിക്കുന്നതിന് ഇരട്ട എക്സ്പോഷർ, ലെൻസ് കൃത്രിമത്വം അല്ലെങ്കിൽ പ്രായോഗിക ഇഫക്റ്റുകൾ പോലുള്ള ഇൻ-ക്യാമറ ടെക്നിക്കുകൾ തുടങ്ങിയവയും ഉപയോഗിക്കാറുണ്ട് . ഒരു നിശ്ശബ്ദ ഹ്രസ്വചിത്രം സൃഷ്ടിക്കുകയെന്നത് ഒരു വെല്ലുവിളി തന്നെയാണ് . ദൃശ്യങ്ങൾ, ശബ്ദ രൂപകൽപ്പന, ഒരുപക്ഷേ ഇന്റർടൈറ്റിലുകൾ എന്നിവയെ മാത്രം ആശ്രയിച്ച് കഥ പറയുകയുമാവാം .

റിഥമിക് എഡിറ്റിംഗ് എന്നത് ചലനാത്മകവും ആഴത്തിലുള്ളതുമായ അനുഭവം സൃഷ്ടിക്കുന്നു . റിഥമിക്, മ്യൂസിക്കൽ എഡിറ്റിംഗ് പാറ്റേണുകൾ ഉപയോഗിച്ച് ദൃശ്യങ്ങളും ശബ്ദങ്ങളും സമന്വയിപ്പിക്കുന്നു .

Palm Springs International
SHORTFEST
Short Film Festival & Film Market

നിലവിലുള്ള ആഖ്യാനങ്ങൾ റീമിക്സ് ചെയ്യുകയും പുനർവ്യാഖ്യാനം നടത്തുകയും ചെയ്യുന്ന രീതിയുമുണ്ട് . വ്യത്യസ്ത കഥകളിൽ നിന്നുള്ള ഘടകങ്ങൾ കൂട്ടിച്ചേർത്ത് പുതിയതും അതുല്യവുമായ ഒരു ആഖ്യാന ഘടന സൃഷ്ടിക്കാവുന്നതാണ് .

ഇങ്ങനെ ഘടനാപരമായ പരീക്ഷണങ്ങൾ

വഴി ഷോർട്ട് ഫിലിമുകൾക്ക് ആഴവും പുതുമയും കലാപരമായ അഭിരുചിയും നൽകാൻ കഴിയും. ഇത് ചലച്ചിത്ര പ്രവർത്തകരെ വർത്തമാന സങ്കൽപ്പങ്ങളുടെ അതിരുകൾ ഭേദിക്കാനും പ്രേക്ഷകരെ പുതിയതും ആവേശകരവുമായ രീതിയിൽ ഇടപഴകാനും അനുവദിക്കുന്നു.

ഷോർട്ട് ഫിലിമുകളിലെ ആശയവിനിമയ ഗതി അല്ലെങ്കിൽ ആവൃത്തി സൂചിപ്പിക്കുന്നത് കഥാപാത്രങ്ങൾ എത്ര തവണ പരസ്പരം ഇടപഴകുന്നു അല്ലെങ്കിൽ ആഖ്യാനത്തിനുള്ളിൽ എത്ര തവണ ആശയവിനിമയം നടക്കുന്നു എന്നതിനെയാണ്. പേസിംഗ് എന്നത് മൊത്തത്തിലുള്ള കാഴ്ചക്കാരുടെ ശ്രദ്ധയുമായുള്ള സംവിധായകൻറെ ഇടപെടലാണ് . ചില ഹ്രസ്വചിത്രങ്ങൾ ചുരുങ്ങിയ സംഭാഷണങ്ങൾ ഉപയോഗിക്കുന്നു. ഈ സമീപനത്തിന് നിഗൂഢതയുടെ ഒരു ബോധം സൃഷ്ടിക്കാനോ കാഴ്ചക്കാരെ അവരുടേതായ രീതിയിൽ കഥ വ്യാഖ്യാനിക്കാൻ അനുവദിക്കാനോ കഴിയും. മറ്റു ചില ഹ്രസ്വചിത്രങ്ങൾ വാക്കാലുള്ള ആശയവിനിമയം പൂർണ്ണമായും ഒഴിവാക്കുന്നു.

ആഖ്യാനത്തിന് ചിഹ്നങ്ങൾ, സംഗീതം, സൗണ്ട് ഇഫക്റ്റുകൾ എന്നിവയെ ആശ്രയിക്കുന്നു. ഈ നിശ്ശബ്ദ ചലച്ചിത്ര ശൈലി ശക്തവും വിചാര - വികാരങ്ങൾ ഉണർത്തുന്നതുമാണ്. എന്നാൽ , മറുവശത്ത്, ചില ഹ്രസ്വചിത്രങ്ങളിൽ ഇടയ്ക്കിടെയുള്ളതും തീവ്രവുമായ സംഭാഷണങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതുമായ കഥാപാത്രങ്ങളെ കണ്ടേക്കാം . അത് സംഭാഷണങ്ങളിലൂടെ ആഖ്യാനത്തെ മുന്നോട്ട് നയിക്കുന്നു. കഥാപാത്രങ്ങളെ അടിസ്ഥാനമാക്കിയുള്ള കഥകൾക്ക് ഇത് ഉചിതമാണ് .

മോണോലോഗുകൾ അല്ലെങ്കിൽ ആത്മഗതം ഉപയോഗിക്കുന്നത് ഒരു കഥാപാത്രത്തിന്റെ ചിന്തകളിലേക്കും വികാരങ്ങളിലേക്കും നേരിട്ട് ഇടപെടാതെ തന്നെ ഉൾക്കാഴ്ചകൾ നൽകാൻ ചലച്ചിത്ര പ്രവർത്തകരെ അനുവദിക്കുന്നു. ആന്തരിക വൈരുദ്ധ്യങ്ങൾ അറിയിക്കുന്നതിൽ ഈ സാങ്കേതികവിദ്യ ഫലപ്രദമാണ്.

എപ്പിസോഡിക് ഘടനയുള്ള ഷോർട്ട് ഫിലിമുകളിൽ സ്വഭാവചിത്രണം അല്ലെങ്കിൽ തൂലികചിത്രങ്ങൾ ഉപയോഗിക്കുന്നു. ഓരോന്നിനും അതിന്റേതായ ആശയവിനിമയ ചലനാത്മകതയുണ്ട്. ഈ സമീപനം വ്യത്യസ്തമായ പേസിംഗും കഥപറച്ചിൽ സാങ്കേതികതകളും അനുവദിക്കുന്നു.



ചില ഷോർട്ട് ഫിലിമുകൾ വേഗമേറിയതും ദ്രുതഗതിയിലുള്ളതുമായ സംഭാഷണങ്ങൾ ഉപയോഗിച്ച് ജാഗരൂകമായ അവസ്ഥകൾ സൃഷ്ടിക്കുന്നു . അതേസമയം സംഭാഷണം ഉപയോഗിക്കാത്തവയിൽ ആംഗ്യങ്ങൾ, മുഖഭാവങ്ങൾ, ശരീരഭാഷ എന്നിവയുൾപ്പെടെയുള്ളവ വികാരങ്ങളെയും ബന്ധങ്ങളെയും പ്രകടിപ്പിക്കുന്നു.

ഫ്ലാഷ്ബാക്കുകളിലൂടെയോ ഫ്ലാഷ് ഫോർവേഡുകളിലൂടെയോ ടൈംലൈൻ കൈകാര്യം ചെയ്യുന്നത് പ്രതീകങ്ങൾ എപ്പോൾ, എങ്ങനെ ഇടപഴകുന്നു എന്നതിൽ

മാറ്റം വരുത്തിക്കൊണ്ട് ആശയവിനിമയ ആവൃത്തിയെ ക്രമീകരിക്കാം . ഇത് കഥപറച്ചിലിന് സങ്കീർണ്ണത കൂട്ടും.

ഫോൺ കോളുകൾ, ടെക്സ്റ്റ് മെസേജുകൾ അല്ലെങ്കിൽ മറ്റ് സാങ്കേതിക ആശയവിനിമയ രീതികൾ എന്നിവ ഉപയോഗിക്കുന്നത് ഒരു ഷോർട്ട് ഫിലിമിൽ വിവരങ്ങൾ കൈമാറുന്നതിനും ബന്ധങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള ഫലപ്രദമായ മാർഗമാണ്.

ആശയവിനിമയം എപ്പോഴും വാക്കാലുള്ളതായിരിക്കണമെന്നില്ല. മാനസികാവസ്ഥയും അന്തരീക്ഷവും ആശയവിനിമയം നടത്താൻ ഹ്രസ്വചിത്രങ്ങൾക്ക് പരിസ്ഥിതി ശബ്ദങ്ങൾ, അന്തരീക്ഷ ശബ്ദങ്ങൾ അല്ലെങ്കിൽ നിശ്ശബ്ദത എന്നിവ പ്രയോജനപ്പെടുത്താൻ കഴിയും.

ഹ്രസ്വചിത്രങ്ങളിലെ ആശയവിനിമയ ആവൃത്തി ചലച്ചിത്രകാരൻ തിരഞ്ഞെടുക്കുന്നത് കലാപരമായ കാഴ്ചപ്പാട്, കഥയുടെ അതുല്യത , പ്രേക്ഷകരിൽ പ്രതീക്ഷിക്കുന്ന സ്വാധീനം എന്നിവയെ ആശ്രയിച്ചാണ് . സിനിമയുടെ മൊത്തത്തിലുള്ള ശൈലിക്കും ഫലപ്രാപ്തിക്കും സംഭാവന നൽകുന്ന ക്രിയാത്മകമായ സമീപനമാണിത്.

ലോകമെമ്പാടുമുള്ള നിരവധി പ്രമുഖ ചലച്ചിത്രമേളകൾ ഷോർട്ട് ഫിലിമുകളും ഡോക്യുമെന്ററികളും പ്രദർശിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സിനിമാ നിർമ്മാതാക്കൾക്ക് അവരുടെ സൃഷ്ടികൾ അവതരിപ്പിക്കാനും അംഗീകാരം നേടാനും വിപണിയിലെ പ്രൊഫഷണലുകളുമായി ബന്ധപ്പെടാനും ഈ ഫെസ്റ്റിവലുകൾ വേദിയൊരുക്കുന്നു . ഷോർട്ട് ഫിലിമുകൾക്കും ഡോക്യുമെന്ററികൾക്കും വേണ്ടിയുള്ള ചില പ്രധാന ഫെസ്റ്റിവലുകൾ പല രാജ്യങ്ങളിലുമുണ്ട്.

കാൻ ഫിലിം ഫെസ്റ്റിവൽ ഫീച്ചർ ഫിലിമുകൾക്ക് പേരുകേട്ടതാണെങ്കിലും, അതിൽ ഷോർട്ട് ഫിലിം കോർണറും ഉണ്ട്. അവിടെ ഷോർട്ട് ഫിലിമുകൾ പ്രദർശിപ്പിക്കാൻ കഴിയും. കൂടാതെ ചലച്ചിത്ര പ്രവർത്തകർക്ക് നെറ്റ്‌വർക്കിംഗ് അവസരങ്ങളുമുണ്ട്.

ലോകത്തിലെ ഏറ്റവും വലിയ ഷോർട്ട് ഫിലിം ഫെസ്റ്റിവലുകളിൽ ഒന്നായ ക്ലെർമോണ്ട്-ഫെറാൻഡ് ഇന്റർനാഷണൽ ഷോർട്ട് ഫിലിം ഫെസ്റ്റിവൽ (ഫ്രാൻസ്), ഷോർട്ട് ഫിലിമുകൾക്ക് മാത്രമുള്ളതാണ് . ഇത് ഒരു അന്താരാഷ്ട്ര മത്സരവേദിയാണ് . ഇത് ലോകമെമ്പാടുമുള്ള ചലച്ചിത്ര പ്രവർത്തകരെയും വിപണിയിലെ പ്രൊഫഷണലുകളെയും പ്രേക്ഷകരെയും ആകർഷിക്കുന്നു.

താംപെരെ ഫിലിം ഫെസ്റ്റിവൽ (ഫിൻലാൻഡ്) , ഷോർട്ട് ഫിലിമുകളിൽ ശ്രദ്ധ




കേന്ദ്രീകരിക്കുന്നു . ലോകത്തിലെ ഏറ്റവും പഴക്കമുള്ള ഷോർട്ട് ഫിലിം ഫെസ്റ്റിവലുകളിൽ ഒന്നാണിത് . ഇവിടെ അന്തർദേശീയ ഹ്രസ്വചിത്രങ്ങളുടെ വൈവിധ്യമാർന്ന ശ്രേണി പ്രദർശിപ്പിക്കുന്നു .

ഷോർട്ട് ഫിലിമുകൾക്കുള്ള യോഗ്യതാ ഫെസ്റ്റിവലുകളായി നിരവധി ചലച്ചിത്രമേളകളെ അക്കാദമി അവാർഡ് സമിതി

അംഗീകരിച്ചിട്ടുണ്ട്. ഈ മേളകളിൽ അവാർഡുകൾ നേടുന്നത് ഷോർട്ട് ഫിലിമുകളെ ഓസ്കാർ പരിഗണനയ്ക്ക് അർഹമാക്കുന്നു.

കൊളറാഡോയിൽ നടന്ന ആസ്പെൻ ഷോർട്ട് ഫെസ്റ്റ്, ഷോർട്ട് ഫിലിമുകൾക്കുള്ള ഓസ്കാർ യോഗ്യതാ ഫെസ്റ്റിവലാണ്. അതിൽ മത്സര വിഭാഗവുമുണ്ട് . കൂടാതെ ചലച്ചിത്ര പ്രവർത്തകരെയും മാധ്യമ പ്രൊഫഷണലുകളെയും ഇത് ആകർഷിക്കുന്നു.

വടക്കേ അമേരിക്കയിലെ ഏറ്റവും വലിയ ഷോർട്ട് ഫിലിം ഫെസ്റ്റിവലുകളിൽ ഒന്നായ പാം സ്പ്രിംഗ്സ് ഷോർട്ട് ഫെസ്റ്റ് അന്താരാഷ്ട്ര ഷോർട്ട് ഫിലിമുകളുടെ വിശാലമായ ശ്രേണി പ്രദർശിപ്പിക്കുകയും ചലച്ചിത്ര പ്രവർത്തകർക്ക് നെറ്റ്‌വർക്കിംഗ് അവസരങ്ങൾ നൽകുകയും ചെയ്യുന്നു.

യൂ .കെ യിൽ ബ്രിസ്റ്റോൾ ആസ്ഥാനമാക്കിയുള്ള പ്രമുഖ ഹ്രസ്വചിത്ര - ആനിമേഷൻ ഫെസ്റ്റിവലാണ് എൻകൗണ്ടേഴ്സ്. മത്സരങ്ങൾ, വിപണി പരിപാടികൾ, അന്താരാഷ്ട്ര ഷോർട്ട് ഫിലിമുകളുടെ പ്രദർശനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.
IDFA ( ഇന്റർനാഷണൽ ഡോക്യുമെന്ററി ഫിലിം ഫെസ്റ്റിവൽ ആംസ്റ്റർഡാം - നെതർലാൻഡ്സ് ), ആഗോളതലത്തിൽ തന്നെ ഏറ്റവും വലിയ ഡോക്യുമെന്ററി ഫെസ്റ്റിവലുകളിൽ ഒന്നാണ് . ഇവിടെ ഡോക്യുമെന്ററി സിനിമകളുടെ വിപുലമായ ശ്രേണി പ്രദർശിപ്പിക്കുകയും വ്യവസായ പരിപാടികൾ, ഫോറങ്ങൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുന്നു.

സ്വതന്ത്ര സിനിമകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് പേരുകേട്ട സൺഡാൻസ് ( അമേരിക്ക ) ഫെസ്റ്റിവലിൽ ഡോക്യുമെന്ററികൾക്കായി പ്രത്യേകമായി ഒരു മത്സര വിഭാഗമുണ്ട്. പ്രശസ്തമായ പല ഡോക്യുമെന്ററികളും സൺഡാൻസിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

വടക്കേ അമേരിക്കയിലെ ഏറ്റവും വലിയ ഡോക്യുമെന്ററി ഫെസ്റ്റിവൽ, ടൊറന്റോയിലെ ഹോട്ട് ഡോക്സ് (കാനഡ ) ആണ് . ഡോക്യുമെന്ററി സിനിമകൾ, കോൺഫറൻസുകൾ, മാർക്കറ്റ് ഇവന്റുകൾ എന്നിവയുടെ വൈവിധ്യമാർന്ന വേദികൾ ഇവിടെയുണ്ട് .

ഷെഫീൽഡ് ഡോക്ഫെസ്റ്റ് ( യൂ .കെ ) ഒരു പ്രമുഖ ഡോക്യുമെന്ററി ഫെസ്റ്റിവലും മാർക്കറ്റ് കേന്ദ്രവുമാണ് . ഇവിടെ ഡോക്യൂമെന്ററി ഫിലിം മേക്കർമാർക്കായി ഒരു വേദിയുണ്ട് . കൂടാതെ സ്ക്രീനിംഗുകൾ, ചർച്ചകൾ, വിപണി സെഷനുകൾ എന്നിവ ഉൾപ്പെടുന്നു.

ബെർലിനിൽ ( ജർമ്മനി ) ഡോക്യുമെന്ററികൾക്കായി ഒരു പ്രത്യേക വിഭാഗമുണ്ട് . നോൺ-ഫിക്ഷൻ ചലച്ചിത്ര പ്രവർത്തകർക്ക് അവരുടെ സൃഷ്ടികൾ ഫീച്ചർ സിനിമകൾക്കൊപ്പം പ്രദർശിപ്പിക്കുന്നതിന് സൗകര്യമുണ്ട് . മിസോറിയിലെ കൊളംബിയയിൽ ( യൂ എസ് എ ) ട്രൂ-ഫാൾസ് നൂതന ഡോക്യുമെന്ററികളോടുള്ള പ്രതിബദ്ധതയ്ക്ക്

പേരുകേട്ടതാണ്. ഇവിടെ സ്ക്രീനിംഗുകൾ, പ്രകടനങ്ങൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കുന്നു .

നോർത്ത് കരോലിനയിലെ ഡർഹാമിൽ ( യൂ എസ് എ ) നടക്കുന്ന ഫുൾ ഫ്രെയിം ഒരു പ്രമുഖ ഡോക്യുമെന്ററി ഫെസ്റ്റിവലാണ്. ഇവിടെ വൈവിധ്യമാർന്ന നോൺ-ഫിക്ഷൻ സിനിമകൾ ഉൾപ്പെടുന്നു.

ഇങ്ങനെ വിവിധ ഫിലിം ഫെസ്റ്റിവലുകളിൽ പങ്കെടുക്കുന്നതിലൂടെ ചലച്ചിത്ര പ്രവർത്തകർക്ക് അംഗീകാരം, വിതരണം, നെറ്റ്‌വർക്കിംഗ് എന്നിവയ്ക്കുള്ള അവസരങ്ങൾ കണ്ടെത്താനാവും .

എന്താണ് ഷോർട്ട് - ഡോക്യുമെന്ററി സിനിമകളുടെ പ്രസക്തി?

ഷോർട്ട് ഫിലിമുകളും ഡോക്യുമെന്ററികളും പ്രത്യേക കാരണങ്ങളാൽ സിനിമാ ലോകത്ത് കാര്യമായ പ്രസക്തി പുലർത്തുന്നുണ്ട് . ഷോർട്ട് ഫിലിമുകൾക്ക് പരിമിതമായ സമയപരിധിക്കുള്ളിൽ പൂർണ്ണവും സംക്ഷിപ്തവും സ്വാധീനവുമുള്ള കഥ പറയാൻ കഴിയുന്നു എന്നത് മാത്രമല്ല ശക്തവും പരീക്ഷണാത്മകവുമായ ആഖ്യാനങ്ങൾ നൽകുന്നതിനും സാധിക്കുന്നു.

ഹ്രസ്വകാലവും പലപ്പോഴും കുറഞ്ഞ ബജറ്റും കാരണം, ഷോർട്ട് ഫിലിമുകൾ അന്വേഷണങ്ങൾക്കും പുതുമകൾക്കും വേദി നൽകുന്നു. ദൈർഘ്യമേറിയ ഫോർമാറ്റുകളുടെ നിയന്ത്രണങ്ങളില്ലാതെ ചലച്ചിത്ര നിർമ്മാതാക്കൾക്ക് തനതായ കഥപറച്ചിലിന്റെ സാങ്കേതികതകളും ദൃശ്യ ശൈലികളും ആഖ്യാന ഘടനകളും പരീക്ഷിക്കാൻ കഴിയും.

വളർന്നുവരുന്ന ചലച്ചിത്ര നിർമ്മാതാക്കൾ, എഴുത്തുകാർ, അഭിനേതാക്കൾ എന്നിവർക്കുള്ള ലോഞ്ച്പാഡാണ് ഷോർട്ട് ഫിലിമുകൾ എന്നു പറയാം.

ഷോർട്ട് ഫിലിമുകളും ഡോക്യുമെന്ററികളും പുതിയ മാനങ്ങൾ പര്യവേക്ഷണം ചെയ്യുകയും സിനിമാ വ്യവസായത്തിന്റെ മാറുന്ന ലാൻഡ്സ്കേപ്പിനോടും പ്രേക്ഷക മുൻഗണനകളോടും പൊരുത്തപ്പെടുകയും ചെയ്യുന്നു.

ഹ്രസ്വ- ഡോക്യുമെന്ററി ഫിലിം മേക്കിംഗിൽ ഉയർന്നുവരുന്ന ചില ട്രെൻഡുകളും പുതിയ മാനങ്ങളുണ്ട് . യൂട്യൂബ്, വിമിയോ, സ്ട്രീമിംഗ് സേവനങ്ങൾ എന്നിവയുൾപ്പെടെയുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകളുടെ വ്യാപനം ഷോർട്ട് ഫിലിം വിതരണത്തിനുള്ള ഒരു പ്രധാന വഴിയായി മാറിയിരിക്കുന്നു. തിയറ്റർ റിലീസുകളുടെ പരമ്പരാഗത നിയന്ത്രണങ്ങളില്ലാതെ ചലച്ചിത്ര പ്രവർത്തകർക്ക് ആഗോള പ്രേക്ഷകരിലേക്ക് എത്തിച്ചേരാനാകുന്നു.

ചില ഹ്രസ്വചിത്രങ്ങൾ വെർച്വൽ റിയാലിറ്റി (വിആർ), ഓഗ്മെന്റഡ് റിയാലിറ്റി (എആർ)

എന്നിവയും നൂതന അനുഭവങ്ങൾ സൃഷ്ടിക്കുന്നു . സ്മാർട്ട്ഫോൺ സാങ്കേതികവിദ്യയിലെ പുരോഗതിക്കൊപ്പം, ഹ്രസ്വചിത്രങ്ങൾ ചിത്രീകരിക്കാനും എഡിറ്റുചെയ്യാനും ചലച്ചിത്ര പ്രവർത്തകർ പുതിയ മൊബൈൽ ഉപകരണങ്ങൾ കൂടുതലായി ഉപയോഗിച്ചുവരുന്നു . ഫിലിം ക്യാമറയുടെ പ്രാപ്തിയെക്കാൾ കൂടുതൽ പ്രാപ്തിയുള്ള സെൻസറുകളുള്ള മൊബൈൽ ഫോൺ ക്യാമറകൾ ഇപ്പോൾ വിപണിയിലുണ്ട്. ചലച്ചിത്രനിർമ്മാണ ഉപകരണങ്ങളുടെ ഈ ജനാധിപത്യവൽക്കരണം സർഗ്ഗാത്മകതയിലും നിർമ്മാണത്തിലും ഒരു കുതിച്ചുചാട്ടത്തിന് വഴിയൊരുക്കിയിരിക്കുന്നു.

ഹ്രസ്വചിത്രങ്ങളെ വെബ് സീരീസുകളിലേക്കോ ആന്തോളജികളിലേക്കോ ഗ്രൂപ്പുചെയ്യുന്നതും കാണാം . ഇത് ഹ്രസ്വചിത്ര ഫോർമാറ്റിന്റെ നേട്ടങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ ദൈർഘ്യമേറിയ കഥപറച്ചിൽ പര്യവേക്ഷണം ചെയ്യാൻ ചലച്ചിത്ര പ്രവർത്തകരെ അനുവദിക്കുന്നു. ഈ സമീപനം സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളിൽ പുതിയ കാണികളെയും സ്വാഗതം ചെയ്യുന്നു.

Kickstarter, Indiegogo പോലുള്ള ക്രൗഡ് ഫണ്ടിംഗ് പ്ലാറ്റ്ഫോമുകൾ സ്വതന്ത്ര ചലച്ചിത്ര നിർമ്മാതാക്കൾക്ക് അവരുടെ ഷോർട്ട് ഫിലിം പ്രോജക്റ്റുകൾക്ക് ധനസഹായം നൽകുന്നുണ്ട്. ഷോർട്ട് ഫിലിം ലാൻഡ്സ്കേപ്പിലേക്ക് വൈവിധ്യമാർന്നതും അതുല്യവുമായ സൃഷ്ടികളുടെ കുതിപ്പിന് ഇത്തരം പ്ലാറ്റുഫോമുകൾ കാരണമായിട്ടുണ്ട്.

ഫിക്ഷനും നോൺ-ഫിക്ഷൻ ഘടകങ്ങളും സമന്വയിപ്പിക്കുന്ന ഹൈബ്രിഡ് ഡോക്യുമെന്ററി ശൈലികൾ യഥാർത്ഥ ലോക പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുമ്പോൾ തന്നെ ക്രിയാത്മകമായ കഥപറച്ചിൽ രൂപത്തെയും ആവിഷ്കരിക്കുന്നു.

കാഴ്ചക്കാർക്ക് ഉള്ളടക്കവുമായി കൂടുതൽ സംവേദനാത്മകവും ആഴത്തിലുള്ളതുമായ രീതിയിൽ ഇടപഴകാൻ വെർച്വൽ റിയാലിറ്റി (വിആർ) നിർമ്മിതികൾക്ക് കഴിയും.

ചില ഡോക്യുമെന്ററികൾ ഒരു സീരിയൽ ഫോർമാറ്റ് സ്വീകരിക്കുന്നു. ഒന്നിലധികം എപ്പിസോഡുകൾ ഒരു വിഷയത്തിന്റെ വ്യത്യസ്ത വശങ്ങൾ പര്യവേക്ഷണം ചെയ്യുന്നു. ഈ ഫോർമാറ്റ് കൂടുതൽ ആഴത്തിലുള്ള പര്യവേക്ഷണത്തിനും സൂക്ഷ്മമായ കഥപറച്ചിലിനും അവസരമൊരുക്കുന്നു.

സാമൂഹിക മാറ്റത്തിനുള്ള ഉപകരണങ്ങളായി ഡോക്യുമെന്ററികൾ തന്ത്രപരമായി ഉപയോഗിക്കുന്നതും ചലച്ചിത്ര ചരിത്രത്തിൽ കാണാം . ഇപ്പോൾ ഡോക്യുമെന്ററികൾ ഭൂമിശാസ്ത്രപരമായ അതിരുകൾക്കപ്പുറത്തുള്ള കഥകൾ പറയാൻ ശ്രമിക്കുന്നു . ആഗോള പ്രശ്നങ്ങളെക്കുറിച്ച് കൂടുതൽ പരസ്പരബന്ധിതമായ വീക്ഷണത്തിനും വേദിയൊരുക്കുന്നു .

വെർച്വൽ ഫെസ്റ്റിവലുകളും സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളും ഇന്ന് ലോകമെമ്പാടുമുള്ള പ്രേക്ഷകർക്ക് വിശാലമായ കാഴ്ച നൽകുന്നു. ഈ പുതിയ മാനങ്ങൾ ഹ്രസ്വ - ഡോക്യുമെന്ററി ഫിലിം മേക്കിംഗ് സിനിമാലോകം സ്രഷ്ടാക്കൾക്കും പ്രേക്ഷകർക്കും ആവേശകരമായ അവസരങ്ങളും അനുഭവങ്ങളും നൽകുന്നു.

യൂട്യൂബ്, വിമിയോ പോലുള്ള പ്ലാറ്റ്ഫോമുകളും നെറ്റ്ഫ്ലിക്സ്, ആമസോൺ പ്രൈം വീഡിയോ, ഹുലു തുടങ്ങിയ സ്ട്രീമിംഗ് സേവനങ്ങളും


ഇന്ന് ഹ്രസ്വസിനിമകളും ഡോക്യുമെന്ററി ചിത്രങ്ങളും ആഗോള പ്രേക്ഷകർക്ക് എളുപ്പത്തിൽ കാണുന്നതിൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. കാഴ്ചക്കാർക്ക് അവരുടെ സൗകര്യത്തിനനുസരിച്ച് ഉള്ളടക്കം കാണാൻ കഴിയുമെന്നത് കാഴ്ചക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും സഹായകരമായിട്ടുണ്ട്. കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപറേഷൻ സി - സ്പേസ് എന്ന പേരിൽ പുതിയൊരു ഓ .ടി .ടി പ്ലാറ്റ്ഫോം ആരംഭിക്കുന്നത് കൂടുതൽ പ്രതീക്ഷകൾ നൽകുന്നു .

അന്താരാഷ്ട്ര തലത്തിൽ ഹ്രസ്വ - ഡോക്യുമെന്ററി സിനിമകൾക്ക് ഇപ്പോൾ വരുമാന സ്രോതസ്സുകളുണ്ട് . വിവിധ ഫിലിം ഫെസ്റ്റിവലുകൾ മികച്ച ഷോർട്ട് ഫിലിമുകൾക്കും ഡോക്യുമെന്ററികൾക്കും ക്യാഷ് അവാർഡുകളും അവാർഡുകളും നൽകുന്നു . പ്രമുഖ മേളകളിൽ തിരഞ്ഞെടുക്കപ്പെട്ടാൽ തന്നെ വിതരണ ഇടപാടുകൾക്കും പ്രേക്ഷക ശ്രദ്ധ നേടുന്നതിനും സാധ്യതയൊരുക്കുന്നു .

ഓൺലൈൻ സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളിൽ ഷോർട്ട് - ഡോക്യുമെന്ററി സിനിമകൾക്ക് ലൈസൻസ് ഏർപ്പെടുത്തുന്നത് ചലച്ചിത്ര പ്രവർത്തകർക്ക് വരുമാനം നൽകും. വിവിധ ഡിജിറ്റൽ വിതരണ പ്ലാറ്റ്ഫോമുകൾ പേ-പെർ-വ്യൂ അല്ലെങ്കിൽ സബ്സ്ക്രിപ്ഷൻ മോഡൽ രീതി അവലംബിച്ചേക്കാം .

ഡോക്യുമെന്ററികൾക്ക് വിദ്യാഭ്യാസ വിതരണത്തിലൂടെ വരുമാനം ഉണ്ടാക്കാം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ, ഓൺലൈൻ ലേണിംഗ് പ്ലാറ്റ്ഫോമുകൾ എന്നിവ ലൈസൻസ് നൽകുന്നത് വഴി സ്ഥിരമായ വരുമാനം പ്രദാനം ചെയ്യും. അന്താരാഷ്ട്ര ടെലിവിഷൻ ശൃംഖലകളുമായുള്ള സംപ്രേക്ഷണ ഇടപാടുകൾ ഡോക്യുമെന്ററികളുടെ ഒരു പ്രധാന വരുമാന സ്രോതസ്സാണ്. ഇതിൽ കേബിൾ ചാനലുകൾ, പൊതു പ്രക്ഷേപകർ, നോൺ-ഫിക്ഷൻ ഉള്ളടക്കത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന നെറ്റ്‌വർക്കുകൾ എന്നിവ ഉൾപ്പെടുന്നു.

ഷോർട്ട് ഫിലിമുകളുടെയും ഡോക്യുമെന്ററികളുടെയും ബ്രോഡ്കാസ്റ്റിംഗ് നെറ്റ്‌വർക്കുകൾക്കോ വിതരണക്കാർക്കോ ഉള്ള അവകാശം വിൽക്കുന്നതിലൂടെയും വരുമാനം ഉണ്ടാക്കാം. വിശാലമായ പ്രേക്ഷകരിലേക്ക് എത്തുന്നതിനുള്ള അന്താരാഷ്ട്ര വിൽപ്പനയും ഇതിൽ ഉൾപ്പെടുന്നു.




യൂട്യൂബ് അല്ലെങ്കിൽ വീമിയോ പോലുള്ള പ്ലാറ്റ്ഫോമുകളിലെ പരസ്യ വരുമാനം ഉപയോഗിച്ച് ചലച്ചിത്ര നിർമ്മാതാക്കൾക്ക് ധനസമ്പാദനം നടത്താനാകും. ഡോക്യുമെന്ററി സിനിമയുടെ ഉള്ളടക്കത്തെ പിന്തുണയ്ക്കാൻ താൽപ്പര്യമുള്ള ഓർഗനൈസേഷനുകളിൽ നിന്നോ ഫൗണ്ടേഷനുകളിൽ നിന്നോ ബ്രാൻഡുകളിൽ നിന്നോ സ്പോൺസർഷിപ്പുകളോ ഗ്രാന്റുകളോ ലഭിക്കാനും സാധ്യതയുണ്ട് . വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഫിലിം സ്കൂളുകൾ, സാംസ്കാരിക സംഘടനകൾ എന്നിവിടങ്ങളിൽ വർക്ക്ഷോപ്പുകളോ പ്രദർശനങ്ങളോ നടത്തുന്നതിലൂടെ വരുമാനം ഉണ്ടാക്കാം.

സഹ-നിർമ്മാണങ്ങൾക്കായി അന്താരാഷ്ട്ര

പങ്കാളികളുമായി സഹകരിക്കുന്നത് സാമ്പത്തിക പിന്തുണയാകും . സഹ-നിർമ്മാണങ്ങൾ അന്താരാഷ്ട്ര വിതരണ അവസരങ്ങളിലേക്കുള്ള വാതിലുകൾ തുറന്നേക്കാം.

ഹ്രസ്വചിത്ര - ഡോക്യുമെന്ററി സിനിമകളിൽ വൈദഗ്ധ്യം നേടിയ ഫിലിം സെയിൽസ് ഏജന്റുമാരുമായി ചേർന്നുപ്രവർത്തിക്കുന്നത് വിതരണത്തിനും അന്താരാഷ്ട്ര വിൽപ്പനയ്ക്കും വഴിയൊരുക്കുന്നു .


സിനിമയുടെ വിഷയം, ഗുണനിലവാരം, ഫെസ്റ്റിവൽ അംഗീകാരം, വിപണന, വിതരണ തന്ത്രങ്ങളുടെ ഫലപ്രാപ്തി തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കി ഹ്രസ്വ - ഡോക്യുമെന്ററി സിനിമകളുടെ വരുമാന സാധ്യതകൾ വ്യാപകമായിക്കൊണ്ടിരിക്കുന്നു എന്നത് ശ്രദ്ധിക്കേണ്ടതാണ്.


പണ്ട് ഫിലിംസ് ഡിവിഷൻ നിർമ്മിതികൾ തിയറ്ററുകളിൽ ഫീച്ചർ ഫിലിമുകൾക്കൊപ്പം പ്രദർശിപ്പിച്ചിരുന്നു . തിയറ്ററുകളിൽ ഫീച്ചർ സിനിമകൾക്കൊപ്പം പ്രസക്തമായ ഉള്ളടക്കമുള്ള ഷോർട്ട് - ഡോക്യുമെന്ററി സിനിമകൾ പ്രദർശിപ്പിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിയാൽ സർക്കാരുകൾക്ക് അത് സ്വീകരിക്കാവുന്നതേയുള്ളൂ . ടിക്കറ്റ് നിരക്കിൽ ഒരു ശതമാനം ഷോർട്ട് - ഡോക്യുമെന്ററി നിർമ്മാതാക്കൾക്ക് നൽകാവുന്നതേയുള്ളൂ . വാസ്തവത്തിൽ ഷോർട്ട് - ഡോക്യുമെന്ററി സിനിമകളുടെ ലോകം ജനകീയതലത്തിൽ സിനിമാറ്റിക് അനുഭവത്തിന്റെ വൈവിധ്യത്തിനും വൈജ്ഞാനിക സമ്പന്നതയ്ക്കും സാമൂഹിക പുരോഗതിക്ക് അനിവാര്യമായ ചിന്തകൾക്കും വലിയ സംഭാവന നൽകും.

★ ★ ★










filca
FILM LOVERS
CULTURAL ASSOCIATION

# INTERNATIONAL FOLKLORE SHORT - DOCUMENTARY FILM FESTIVAL




Around 50 films from 20 countries

2023 NEW PACKAGE

## 16 FRI, 17 SAT

## FEBRUARY 2024 9:30 AM - 8 PM

**SEMINAR HALL, COLLEGE OF FINE ARTS,**
**PALAYAM, TRIVANDRUM**

**ALL ARE WELCOMED**



INAUGURATION AT 10.AM
SRI. V. SIVANKUTTY, HON. MINISTER FOR EDUCATION



**FREE ENTRY**

CURATOR : SRI. CHERIYAN JOSEPH, IFFT TRICHUR



FILCA FILM SOCIETY IN ASSOCIATION WITH IFFT TRICHUR, COLLEGE OF FINE ARTS, CHALACHITHRA AKADEMY, KSFDC, SOORYA FILM SOCIETY, CHALACHITHRA FILM SOCIETY, BEAM FILM SOCIETY, SPARC FILM SOCIETY ( ISRO ), CET FILM SOCIETY ( ENGI. COLLEGE TVM) AND THALASTHANA POURA SAMITHI.

Filca : 8089036090, 9847063190, 9495376760
Chalachithra : 6282012711
Beam : 9495992739

filcakerala@gmail.com
FILCA film society, Trivandrum
www.filca.in

ഫിലിം വിഷൻ
INTERNATIONAL FOLKLORE SHORT - DOCUMENTARY FILM FESTIVAL 35
PUBLISHED BY FILCA FILM SOCIETY
കേരള ഭാഗ്യക്കുറി

# ചലച്ചിത്ര സംഗ്രഹം

## International Folklore Short - Documentary film festival



അർപ്പണാ (വൈസ് പ്രസിഡണ്ട്, ഫിൽക്ക ഫിലിം സൊസൈറ്റി

### February 16th 9.30am to 8pm

**9:30 AM - 10 : 05 AM. 35 + Minutes**

**1. Brazil**
**Sagrado Compor – Portuguese**
**23:00 Min.**
**Dir: Henrique Dantas, Marcelo Abreu**

എല്ലാത്തിലും സംഗീതമുണ്ട്. വാക്കിനും ശബ്ദത്തിനും ശക്തിയുണ്ട്. ഒരു ജനതയുടെ സംഗീതത്തിൽ അവരുടെ സംസ്കാരം, വിശ്വാസങ്ങൾ, ചരിത്രം എന്നിവ മാത്രമല്ല , വൈവിധ്യത്തിനുപരി മാനുഷിക ഐക്യത്തിൻറെ ആകർഷണം കൂടിയുണ്ട് . ഒരു ജനതയുടെ സംഗീതം സംസ്കാരങ്ങളെ ഒന്നിപ്പിക്കുന്നു. "സാഗ്രഡോ കംപോർ" എന്നത് , ലോകത്തിലെ വിവിധ ജനങ്ങളുടേയും വംശങ്ങളുടേയും പവിത്രതയുമായി ബന്ധപ്പെട്ട സംഗീതവും ഗാനങ്ങളുമാണ് .

**2. Bangladesh**
**Life in the salt water – Bengali**
**12: 14 Min.**
**Dir: Samir Rahman**

ബംഗ്ലാദേശിലെ സത്ഖിര ജില്ലയ്ക്ക് കീഴിലുള്ള ശ്യാംനഗറിൽ , ബംഗാൾ ഉൾക്കട ലിൻറെ തീരത്ത് , കാലാവസ്ഥാ വ്യതിയാനത്തിൻറെ ആഘാതത്തോട് പൊരുതുന്ന തീരദേശ സ്ത്രീകളുടെ വേദനിപ്പിക്കുന്ന കഥകൾ ... ഉയരുന്ന സമുദ്രനിരപ്പിൻറെയും ജലജന്യ രോഗങ്ങളുടെയും നിരന്തരമായ ആക്രമണത്തെ ചെറുക്കുന്ന നിശ്ചയദാർഢ്യം . സ്ത്രീകൾ അവരുടെ ദിനചര്യകളെക്കുറിച്ചും അവർ നേരിടുന്ന തടസ്സങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നു . ശുദ്ധജല ദൗർലഭ്യം, ശരിയായ ശുചീകരണ പ്രവർത്തനങ്ങളുടെ അഭാവം, സാമ്പത്തിക ബുദ്ധിമുട്ടുകളുടെ പ്രത്യാഘാതങ്ങൾ തുടങ്ങി നിരവധി പ്രശ്നങ്ങളോടുള്ള അവരുടെ പ്രതികരണങ്ങൾ ഒരു സാർവത്രിക സത്യത്തെ വെളിപ്പെടുത്തുന്നു . സ്ത്രീകളുടെ ഭയം, പ്രതീക്ഷകൾ, അവരുടെ സാഹചര്യങ്ങളെ നേരിടാൻ അവർ സ്വീകരിക്കുന്ന പ്രായോഗിക മാർഗങ്ങൾ എന്നിവയിലേക്കുള്ള ഒരു കാഴ്ചയാണ് സിനിമ നൽകുന്നത്. ദൈനംദിന യാഥാർത്ഥ്യങ്ങളോട് സഹാനുഭൂതി കാണിക്കാനും പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങളിൽ കാലാവസ്ഥയുമായി ബന്ധപ്പെട്ട പ്രത്യാഘാതങ്ങൾ പരിഗണിക്കാനും കാഴ്ചക്കാരെ ക്ഷണിക്കുന്നു. എല്ലാവർക്കുമായി കൂടുതൽ തുല്യവും സുസ്ഥിരവുമായ ഭാവി സൃഷ്ടിക്കുന്നതിന് കൂട്ടായ പ്രവർത്തനത്തിൻറെ ആവശ്യകതയെ കുറിച്ചുള്ള ശക്തമായ ഓർമ്മപ്പെടുത്തലാണ് ഈ ഡോക്യുമെന്ററി.

Break . ( Meeting ) .

11 AM - 1:30 PM. 156+ Minutes

**3. Canada**
**The Gold Teeth - English, Persian**
**15:00 Min.**
**Dir: Alireza Kazemipour**

കാനഡയിലെ ഒരു അഫ്ഗാൻ അഭയാർത്ഥിയായ സഹ്റ, ഇറാനിയൻ മുൻ ദന്തഡോക്ടറായ ഹമീദിൻ്റെ വീട്ടുവാതിൽക്കൽ എത്തി. പരേതനായ പിതാവിനെ അടക്കം ചെയ്യുന്നതിനുമുമ്പ് അയാളുടെ സ്വർണ്ണ പല്ലുകൾ വേർതിരിച്ചെടുക്കാൻ സഹായിക്കണം ...

**4. Chile**
**Chañar, Tears of Gold – Spanish**
**20:25 Min.**
**Dir: Gonzalo Sepúlvedachañar**

വിദേശികളുടെ അധിനിവേശത്തിന് ഇരയായ ചിലിയൻ തദ്ദേശീയ യുവതി - അനാനുകയുടെ കഥ പറയുന്നു പിൻഗാമിയായ ചാനാർ . അവളുടെ പിതാവ് ഒരു ഗ്രാമത്തലവൻ ആയിരുന്നു . സ്വന്തം ജന്മനാട്ടിൽ നിന്നും സംസ്കാരത്തിൽ നിന്നും പൂർണ്ണമായി അന്യവൽക്കരിക്കപ്പെട്ട അവസ്ഥയിലാണ് അവൾ .

**5. Chile**
**We were not Queens because we will be Goddesses – Spanish**
**45 Min.**
**Dir: Gabriela Espinosa Hormazábal**

ക്രൂരമായി കൊലചെയ്യപ്പെട്ട സ്ത്രീകളുടെ മൃതദേഹങ്ങൾ ശേഖരിക്കുന്ന മന്ത്രവാദിനികൾ . അവർ കാലാതീതരാണ് . അവർ സ്ത്രീകളുടെ മൃതദേഹങ്ങൾ ചുമന്ന് തെരുവുകളിലൂടെ ഒരു ചത്വരത്തിലേക്ക് കൊണ്ടുപോകുന്നു. മൃതദേഹങ്ങൾ വൃത്തിയാക്കി, ലാളിച്ച്, നാല് മൂലകങ്ങളുടെ ദേവതകളായി പ്രതിഷ്ഠിക്കുന്നു . മരണവുമായുള്ള ബന്ധം നിലനിർത്തുന്ന തദ്ദേശീയ ആചാരങ്ങളിലൂടെ , ലിംഗപരമായ അതിക്രമങ്ങളിൽ നിന്ന് ലോകത്തെ ശുദ്ധീകരിക്കാനും കൊല്ലപ്പെടുന്ന സ്ത്രീകളുടെ ജീവിതത്തെ മാന്യമാക്കാനും ശ്രമിക്കുന്നു. സ്ത്രീസമത്വവാദം ലോകമെമ്പാടും നയിച്ച സമീപകാല സമരങ്ങളെ ബഹുമാനിക്കുന്നു. പുരുഷാധിപത്യ സമൂഹത്തിൽ തങ്ങൾ 'ഒന്നും മറക്കില്ല' എന്ന മുദ്രാവാക്യം മുഴക്കുന്നു .

**6. China**
**Echo From Deep Valley – Tibetan**
**19:13 Min.**
**Dir: ChunJing Wang**

ശാന്തവും ഏകാന്തവുമായ ഒരു താഴ്‌വരയിൽ, ടിബറ്റൻ യുവാവ് ഡ്യുവോ ജി അലഞ്ഞുതിരിയുന്നു. അവൻ ഒരു പെൺകുട്ടിയെ കണ്ടുമുട്ടുന്നു. ഒരുപക്ഷേ അവൾ വർഷങ്ങൾക്ക് മുൻപ് മരിച്ച മുത്തശ്ശിയായിരിക്കാമെന്ന് അവന് തോന്നുന്നു . അവിടെ താമസിക്കാൻ അവൻ ആഗ്രഹിച്ചു, പക്ഷേ പെൺകുട്ടി അപ്രത്യക്ഷയായി... കാലം മാഞ്ഞു പോയ പോലെ......

**7. China**
**Voyage Home - Chinese**
**13:60 Min.**
**ir: Jin Ruining**



വിദേശിയായ ചൈനീസ് പെൺകുട്ടി, സ്വന്തം രാജ്യത്തേക്ക് മടങ്ങിവന്ന് മുത്തച്ഛനോടൊപ്പം താമസിക്കുന്നു . രണ്ട് തലമുറകൾ തമ്മിലുള്ള മാനസിക വിടവ് അവർ തമ്മിലുണ്ട് . എന്നാൽ ഒരു അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിലൂടെ അവർ കൂടുതൽ അടുക്കുകയും വിടവ് നികത്തപ്പെടുകയും ചെയ്തു . ഒരു സ്വപ്നത്തിൽ അവർ നൃത്തം ചെയ്യുന്നു . അവരുടെ ശരീരങ്ങളുടെ പരസ്പര ബന്ധവും വിളിയും അവർ അറിയുന്നു . ജീവിതത്തിൽ അവർ ആത്മബന്ധത്തിലാവുന്നു .

**8. Colombia**
**My beautiful little house – Spanish**
**8:00 Min.**
**Dir: Luber Yesid Zúñiga Ordóñes**

സിയുഡാഡ് ബൊളിവാറിൽ വീട് പണിയുന്നതിനായി, 1980 കളുടെ അവസാനത്തോടെ, സൈക്കിൾ സ്പോർട്സ് ജീവിതത്തിൽ നിന്ന് വിരമിച്ച ലൂസ് മറീന റാമിറെസ് , വീട് നിർമ്മാണത്തിനിടയിൽ ശേഖരിച്ച ഫോട്ടോഗ്രാഫുകൾ , രേഖകൾ , വീഡിയോകൾ തുടങ്ങിയവ ആ പട്ടണത്തിൽ നടന്ന നഗരവികസനത്തിൻറെ സാക്ഷ്യങ്ങളാണ് . അത് വീടിൻറെ നിർമ്മാണ പ്രക്രിയയ്ക്കൊപ്പം വികസനത്തെ സംബന്ധിക്കുന്ന ഒരു ചരിത്രയാത്ര പോലെ ഓർമ്മിപ്പിക്കുന്നു . അത് സ്വന്തം ജീവിതകഥയെയും ഒപ്പം അവളുടെ നാടിൻറെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വികസനത്തെയും പ്രതിഫലിപ്പിക്കുന്നു .

**9. Brazil**
**Trembling Bodies- Portuguese**
**13:45 Min.**
**Dir:Luíza Fonseca**

ശാരീരിക മാറ്റം മൂലം പങ്കാളിയെ നഷ്ടപ്പെടുന്ന അവസ്ഥ . LGBTQ+ ബന്ധം രൂപപ്പെടുത്താനുള്ള ശ്രമങ്ങൾ . ദുർബലമായ ശരീരവുമായി പങ്കാളിയുമായുള്ള ബന്ധം ഉറപ്പിക്കാൻ കഴിയുമോ?

**10. Ecuador**
**WILLKAWIWA (The sacred fire of the dead)- Quechua**
**14:52 Min.**
**Dir: Pável Quevedo Ullauri**

ഇക്വഡോറിയൻ ആൻഡിയൻ പരാമോയിലെ വയലിൽ ജോലി ചെയ്യുന്നതിനിടെ ജെയിം പെട്ടെന്ന് മരിച്ചുവീഴുന്നു . തദ്ദേശീയ സമൂഹത്തെ ബാധിച്ച മാരകവും നിഗൂഢവുമായ ഒരു സാംക്രമിക രോഗത്തിൻറെ ഏറ്റവും പുതിയ ഇരയാണ് അയാൾ . അവൻറെ ശരീരം നിർജീവമായി നിലത്തുകിടക്കുമ്പോൾ, അവൻറെ ശരീരത്തിൽ നിന്ന് മൃഗാത്മാവ് പുറത്തുവരുന്നു. അവൻ തൻറെ ഭാര്യയുടെ ആത്മാവിനെ കണ്ടുമുട്ടുന്നത് വരെ ആൻഡിയൻ മൂറിലൂടെ അലഞ്ഞുനടന്നു. ഒടുവിൽ അവർ ഒരുമിച്ച് മരിച്ചവരുടെ നാട്ടിലേക്കുള്ള യാത്ര ആരംഭിക്കുന്നു.

**Lunch Break**

**3 PM - 5 : 05 PM. 123+ Minutes**
**11. Egypt**
**Younis " I can't live without you" -Arabicn**
**5:45 Min.**
**Dir: Yousef Tariq**

1955 ജൂണിൽ, അപ്പർ ഈജിപ്തിലെ ജനസംഖ്യയുടെ നാലിലൊന്ന് മലമ്പനി പിടിച്ച് മരണപ്പെട്ടു . യൂനിസ് തൻറെ സഹോദരൻ മൻസൂറിനും മകനുമൊത്ത് താമസിച്ചു. അവൻറെ അച്ഛനും അമ്മയും പകർച്ചവ്യാധി ബാധിച്ച് മരിച്ചുപോയിരുന്നു . യൂനിസ് രോഗബാധിതനായപ്പോൾ തെറ്റായ രോഗനിർണയം നടത്തിയ ഡോക്ടർ അയാൾ മരിച്ചുവെന്ന് പ്രഖ്യാപിക്കുന്നു. പക്ഷേ വിധി മറ്റൊന്നായിരുന്നു .

**12. Egypt**
**We Can Be Lost - Short.Documentary**
**37:00 Min.**
**Dir: Manar El-Zohery**

മുസ്ലിം യാഥാസ്ഥിതിക കുടുംബങ്ങളിൽ , 1990 - ന് ശേഷം ജനിച്ച , മൂന്ന് ഈജിപ്ഷ്യൻ യുവതികൾ , സ്വന്തം ജീവിതം കരുപിടിപ്പിക്കാനുള്ള യാത്രയിലാണ് . കെയ്റോയ്ക്ക് സമീപം അവർ വിപ്ലവങ്ങളും രാഷ്ട്രീയ സംഭവങ്ങളും കാണുന്നു . ഇസ്ലാമികവും മതേതരവുമായ ചിന്തകൾ തമ്മിലുള്ള സംഘർഷങ്ങളിൽ അവർ തങ്ങളുടെ നിലപാടുകൾ സ്വീകരിക്കുന്നു . പക്ഷേ സ്വത്വ പ്രതിസന്ധിയിൽ പെട്ട് ആ ഫെമിനിസ്റ്റ് പെൺകുട്ടികൾ ആശയക്കുഴപ്പത്തിലാണ് ...


**13. France**
**Jina And Prometheus- French, Kurdish**
**12:43 Min.**
**Dir:chiya Tchiya , Mohammadi Ghasrian**

ഗ്രീക്ക് നാടകാചാര്യൻ എസ്കിലസിന്റെ "പ്രോമിത്യൂസ് ബൗണ്ട്" എന്ന നാടകത്തിൻറെ ഒരു പുനരാവിഷ്കാരം. ബന്ധനസ്ഥനായിരിക്കെ പ്രൊമിത്യൂസ് മനുഷ്യർക്ക് തീ നൽകിയതെങ്ങനെ എന്നതിൻറെ രഹസ്യം ഈ സിനിമ വെളിപ്പെടുത്തുന്നു. കൂടാതെ ഇറാനിൽ അടുത്തിടെ നടന്ന വനിതാ വിപ്ലവത്തിന് സമാന്തരമായി സ്ത്രീ, ജീവിതം, സ്വാതന്ത്ര്യം എന്നിവയുടെ മൂല്യവും ഉയർത്തിക്കാട്ടുന്നു.

**14. France**
**The Last Transhumance - Ibrahim - Arabic, French**
**8:40 Min.**
**Dir: Louise Thaller, Stanislas Giroux**

10 ദിവസത്തേക്ക്, പ്രഭാതം മുതൽ പ്രദോഷം വരെ , ബെൻ ദാവൂദ് കുടുംബം തങ്ങളുടെ 200 ആടുകളെ കാൽനടയായി മൊറോക്കൻ പർവ്വതനിരകളിലെ തണുത്ത മേച്ചിൽപ്പുറങ്ങളിലേക്ക് നയിക്കുന്നു. തലമുറകളായി, ശീതകാലം മുതൽ വേനൽക്കാലം വരെയുള്ള പലായനം ഈ പാതയിലൂടെയാണ് . ഒരു മുഴുവൻ ഗോത്രത്തിൻറെയും സ്വാതന്ത്ര്യവുമാണിത് . എന്നാൽ സമീപ വർഷങ്ങളിൽ, ജലക്ഷാമത്താൽ ഭൂമി വരണ്ടു . ഇടയന്മാർക്ക് അവരുടെ നാടോടി പാരമ്പര്യത്തിൽ നിന്ന് പിന്തിരിയുകയല്ലാതെ മറ്റ് മാർഗമില്ല. ഒരു പാരമ്പര്യത്തിൻറെ അവസാന സാക്ഷികളിലൊരാളാണ് ഇബ്രാഹിം. ലോകമെമ്പാടുമുള്ള മനുഷ്യനും പർവതവും തമ്മിലുള്ള ബന്ധത്തിൻറെ വിവിധ വശങ്ങൾ പര്യവേക്ഷണം ചെയ്യുന്ന 'ഉയരങ്ങൾ' എന്ന പരമ്പരയുടെ ഭാഗമാണ് ഈ ഹ്രസ്വചിത്രം .

**15. France**
**AYITI, a Haitian story - French**
**58:30 Min.**
**Dir: Clément Beauvois, Kevin Duval, Valentin Gaffie, Alexis Pautler**




ഹെയ്തി ഒരു വീരോചിത ചരിത്രമുള്ള രാജ്യമാണ്. അത് പോരാട്ടങ്ങളിലൂടെ കടന്നുപോയി . അഭിമാനത്തിൻറെയും

പ്രതിരോധത്തിൻറെയും പ്രതീകമായി . ഈ ചിത്രം പോർട്ട്-ഓ-പ്രിൻസിൻറെ ഗെട്ടോകൾ മുതൽ വിദൂര ഗ്രാമപ്രദേശങ്ങൾ വരെ അന്വേഷിക്കുന്നു . ഹെയ്തിയൻ സംസ്കാരത്തിൻറെ ഉത്ഭവവും അതിൻറെ സമ്പന്നമായ കലാപരമായ വൈവിധ്യവും വെളിപ്പെടുത്തുന്നു . ഒരു കൂട്ടം കലാകാരന്മാരും തത്ത്വചിന്തകരും ചരിത്രകാരന്മാരും ഹെയ്തിയെയും അതിൻറെ ചരിത്രത്തെയും മിത്തുകളെയും ആദരിക്കുന്നവരാണ് . ഹെയ്തിയൻ സംസ്കാരത്തിൻറെ സൗന്ദര്യത്തെയും ശക്തിയെയും ആവിഷ്ക്കരിക്കുന്നവരാണ് . ഈ ചിത്രം ഹെയ്തിയുടെ പ്രാധാന്യത്തെ ഓർമ്മപ്പെടുത്തുന്നു .

**Break**

**6 PM - 8 PM. 110 + Minutes**

**16. Hungary**
**Pipás**
**08:58 Min.**
**Dir: Lili Tóth**

ഗ്രേറ്റ് ഹംഗേറിയൻ സമതലത്തിലെ കുപ്രസിദ്ധ കൊലയാളിയാണ് പിപാസ്. സ്ത്രീയായി ജീവിതം ആരംഭിച്ച് പുരുഷനും കൊലയാളിയുമായി മാറിയ ജീവിതം ... ദുരുപയോഗം ചെയ്യപ്പെട്ട സ്ത്രീകൾ അവരുടെ കാണാതായ ഭർത്താക്കന്മാരെ അന്വേഷിക്കുകയാണ് . കൊലപാതകത്തിന് ഇരയായവരും പീഡനത്തിന് ഇരയായപ്പോഴുള്ള ഓർമ്മകളും പീപാസിനെ വേട്ടയാടുന്നു.

**17. Kazakhstan**
**INKAR – Kazakh**
**17:22 Min.**
**Dir: Raiymbek Alzhanov**

പതിനേഴാം നൂറ്റാണ്ടിലെ കസാഖ് പുൽമേടുകൾ . കെട്ടുകഥകൾ പലപ്പോഴും സത്യമായി മാറിയ കാലം. ഒരു മാന്ത്രിക ആചാരം പരാജയപ്പെട്ടതിനെ തുടർന്ന് ഇൻകാർ എന്ന പെൺകുട്ടി പലായനം ചെയ്യാൻ നിർബന്ധിതയാകുന്നു. ദുരാത്മാക്കൾ ഇൻകാറിൻറെ ശരീരവും അവളുടെ പാരമ്പര്യവും സ്വന്തമാക്കാൻ പിന്നാലെയുണ്ട് . വഴിയിൽ, ഒളിച്ചോടിയ രണ്ട് സഹോദരന്മാരെ അവൾ കണ്ടുമുട്ടുന്നു. അവരുടെ സഹായത്തോടെ അവൾ കടൽ കടക്കാൻ ശ്രമിക്കുന്നു .

**18. Japan**
**The Journey: The Future of Kazakh Nomads - Kazakh**
**12:40 Min.**
**Dir:Kazuya Isobe Bayan- Ulgii.**

മംഗോളിയൻ അൽതായ് പർവതനിരകളുടെ ചുവട്ടിൽ കസാഖ് നാടോടികൾ താമസിക്കുന്ന ഒരു പ്രദേശം . അവിടെ ചില കുടുംബങ്ങൾ പരമ്പരാഗത നാടോടി ജീവിതശൈലി തുടരുന്നു . എന്നാൽ മറ്റു ചിലർ മരുഭൂവൽക്കരണം മൂലം നഗരങ്ങളിലേക്ക് കുടിയേറി. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പരമ്പരാഗത ജീവിതരീതിയിൽ മാതാപിതാക്കളും കുട്ടികളും എങ്ങനെ ജീവിക്കുന്നു എന്നതിനെ കുറിച്ച് ഒരന്വേഷണം .

**19. Kyrgyzstan**
**Oyum, No Dialogue**
**06:21 Min.**
**Dir: Aidai Askarova**

പരവതാനി നെയ്ത്തു കലയ്ക്ക് പിന്നിലെ കിർഗിസ് ആത്മീയതയെ ഈ സിനിമ അന്വേഷിക്കുന്നു . നാടോടികളുടെ പുരാതന കരകൗശലകല , തലമുറകളിൽ നിന്ന് തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടു. വിശ്വാസങ്ങൾ, ചിന്തകൾ, കലാപരത എന്നിവ വെളിപ്പെടുത്തുന്നു . നാടോടികൾ പരവതാനികൾ അലങ്കരിക്കുന്ന മാതൃകകളും ആഭരണങ്ങളും ആകർഷണീയമാണ് . പൂർണ്ണമായും ദൃശ്യങ്ങൾ കൊണ്ട് കഥപറയുന്നു .


ഫിലിം വിഷൻ
INTERNATIONAL FOLKLORE SHORT - DOCUMENTARY FILM FESTIVAL
PUBLISHED BY FILCA FILM SOCIETY



**20. Kyrgyzstan**
**A Medic - Kirghiz**
**24:00 Min.**
**Dir: Alizhan Nasirov**

സാധാരണഗതിയിൽ മറ്റൊരു ഡോക്ടറും ജോലി ചെയ്യാൻ ഇഷ്ടപ്പെടാത്ത , കഠിനമായ കാലാവസ്ഥയുള്ള ഒരു താഴ്‌വരയിൽ ജോലി ചെയ്യാൻ തീരുമാനിച്ച 22 വയസ്സുള്ള , ചെറുപ്പക്കാരനായ ഡോക്ടറുടെ കഥ.

**21. Lithuania**
**Taming The Wind Horse - English, Lithuanian, Mongolian**
**38:43 Min.**
**Dir: Deivis Nutautas**




ഖിമോറി എന്നാൽ കാറ്റുകുതിര . ഇത് മംഗോളിയൻ സംസ്കാരത്തിൽ എന്താണ് അർത്ഥമാക്കുന്നത്? മംഗോളിയക്കാർ പ്രാദേശിക ആത്മീയഗുരുക്കന്മാരെ എങ്ങനെ ആദരിക്കുന്നു ? ഒരു കൂട്ടം ലിത്വാനിയൻ പണ്ഡിതന്മാർ മംഗോളിയൻ പുൽമേടുകളിലൂടെ സഞ്ചരിക്കുന്നു. അവർ ആശ്രമങ്ങൾ സന്ദർശിക്കുന്നു, ലാമകളെയും നാടോടികളെയും പ്രാദേശിക ശാസ്ത്രജ്ഞരെയും കണ്ടുമുട്ടുന്നു...

## February 17th 9.30am to 8pm

**9:30 AM - 10 AM. 38+ Minutes**
**22. Thailand**
**Nora Thai Fit - Thai**
**37:19 Min.**
**Dir : Tantong Funyuang**

പട്ടാനി പ്രവിശ്യയിലെ ചലെംപ്രാഫ ട്രൂപ്പിനൊപ്പം "നോറ" എന്ന നൃത്തകലയെ കുറിച്ച് പഠിക്കാൻ തായ് ഫിറ്റ്നെസ് സ്റ്റുഡിയോ നടത്തിപ്പുകാർ ശ്രമിക്കുന്നു . സ്റ്റുഡിയോയിലെ വ്യായാമ മുറയിൽ "നോറ" നൃത്തത്തിലെ ആസനങ്ങൾ ഉൾപ്പെടുത്തി വ്യായാമരീതി നവീകരിക്കുകയാണ് അവരുടെ ലക്ഷ്യം .

**Break**
**11 AM - 1:30 PM. 150 + Minutes**
**Focus : IRANIAN WOMEN FILMAKERS MOVIES**
**23. Iran**
**Nowruz – Azerbaijani**
**20 Min.**
**Dir: Erturan Najafi Gol – WFM**

ജീവന് ആധാരമായ നാല് മൂലകങ്ങളെ (വെള്ളം, തീ, വായു, ഭൂമി) ഓർമ്മിച്ചുകൊണ്ട് വർഷാവസാനം , ഇറാനിയൻ തുർക്കികൾ പ്രത്യേക ആചാരങ്ങളോടെ പുതുവർഷത്തെ സ്വാഗതം ചെയ്യുന്നു.


**24. Iran**
**Maryam – Persian**
**23:43 Min.**
**Dir:Elnaz Zhalehchin - WFM**

കൽക്കരി ചൂളകളിൽ ജോലി ചെയ്യുന്ന നിരവധി കുർദിഷ് സ്ത്രീകളെക്കുറിച്ചുള്ള നേർക്കാഴ്ചകൾ .

**25. Iran**
**BONE - Persian**
**24:57 Min.**
**Dir: Goli Zarei WFM**

അസർ എന്ന യുവതി ഒരു മാനസികരോഗാശുപത്രിയിൽ അമ്മയുടെ മരണത്തിലൂടെ സ്വയം അറിയാൻ തുടങ്ങുന്നു. തൻറെ ശാരീരിക വേദനയുടെ മൂലകാരണം അസറാണെന്ന് വിശ്വസിച്ച് അവളെ എപ്പോഴും നിരസിച്ചതാണ് അമ്മ. അമ്മയുടെ ശാരീരികവും മാനസികവുമായ വിഷാദത്തിൻറെ കാരണത്തെ കുറിച്ച് അറിഞ്ഞതോടെ അവൾക്ക് തൻറെ പിതാവിലുള്ള വിശ്വാസം തകരുന്നു. അവളുടെ ജനനത്തിലേക്ക് നയിച്ച ഗർഭധാരണം... ഭർത്താവിനാൽ അവഗണിക്കപ്പെടുകയും ഒറ്റപ്പെടുകയും ചെയ്ത അമ്മയുടെ കഷ്ടപ്പാടിനെക്കുറിച്ച് തിരിച്ചറിയുമ്പോൾ അമ്മയുടേത് അവഗണനയായി അസർ കരുതുന്നില്ല .

**26. Iran**
**One Day – Persian**
**14:59 Min.**
**Dir:Nafiseh Zohari WFM**




വ്യക്തിപരമായ കാരണത്താൽ പാരമ്പര്യേതര ജീവിതം തിരഞ്ഞെടുക്കുന്ന ഒരു പെൺകുട്ടിയുടെ കഥ ...

**27. Iran**
**Float- Persian**
**10:00 Min.**
**Dir: Niloufar Ahmadi Nabi WFM**

പ്രിയപ്പെട്ടവനെ എല്ലാവരിൽ നിന്നും വളരെ അകലെ അടക്കം ചെയ്യാൻ ഒരു സ്ത്രീ ആഗ്രഹിക്കുന്നു . എന്നാൽ ശവക്കുഴി തനിക്ക് കൂടി അനുയോജ്യമാണോ എന്നവൾ സംശയിക്കുന്നു . അതിനാൽ, അവൻ ആദ്യം ഖബറിൽ ഉറങ്ങാൻ തീരുമാനിക്കുന്നു. അപൂർവമായ ഒരു അനുഭൂതി ഖബറിൽ അനുഭവപ്പെടുന്നു...

**28. Portugal**
**Tavern Descants – English**
**11:45 Min.**
**Dir: Alexandre Baptista**

പോമ്പൽ മേഖലയിലെ ഒരു സംഗീത പദ്ധതിയാണ് Aik'Sede. പരമ്പരാഗത ഹാർമോണിയം ഉപയോഗിച്ചുള്ള നാടോടി വാമൊഴി പാരമ്പര്യമാണിത് . ഉപയോഗശൂന്യമായ മാറിയ ഹാർമോണിക്കയെ സംരക്ഷിക്കാനും പ്രചരിപ്പിക്കാനും ശ്രമിക്കുന്നു . ഭക്ഷണശാലകളിലെ സാംസ്കാരിക പരിപാടികളിൽ ഈ സംഗീതത്തെ തിരിച്ചുകൊണ്ടുവരാനുള്ള പ്രചാരണവും നടക്കുന്നു .

**29. Portugal**
**The faces of cowbell carriers - Portuguese**
**12:00 Min.**
**Dir: Tiago Coelho Cerveira**

യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ അംഗീകരിക്കപ്പെട്ട സോൾസ്റ്റൻ ഉത്സവം . വടക്കൻ പോർച്ചുഗലിലെ പർവതങ്ങളിൽ , ഋതുക്കൾ മാറുമ്പോൾ അത് പുരുഷന്മാരും സ്ത്രീകളും ഈ

പരമ്പരാഗത ഉത്സവം ആഘോഷിക്കുന്നു. ഭൂമി ഫലഭൂയിഷ്ഠമായിത്തീരുന്നു .

**30. Poland**
**INUSSUK -Inuktitut – Polish**
**15:37 Min.**
**Dir: Marcin Tomaszewski**

ശീതകാലത്ത് ഗ്രീൻലാൻഡിൻറെ പടിഞ്ഞാറൻ തീരത്ത് , മതിൽകയറ്റക്കാരായ രണ്ടു പേർ - മാർസിൻ യെതി ടോമാസ്സെവ്സ്കിയും പാവെൽ ഹാൽഡ്ഡാഷും - മലകയറ്റമാർഗത്തിന് രൂപരേഖ തയ്യാറാക്കുന്നു . ഒരു ഇൻയൂട്ട് സ്ത്രീ പർവതാരോഹകരുടെ സാന്നിധ്യത്തെ കുറിച്ചും തൻറെ പിതാവിനെ കുറിച്ചും സംസാരിക്കുന്നു . അവൾ സൃഷ്ടിച്ച ഒരു തരം ശില്പമാണ് ഇനുസുക്ക് . നിൽക്കുന്ന മനുഷ്യരൂപത്തോട് സാമ്യമുള്ള തരത്തിൽ കല്ലുകൾ അടുക്കിയുണ്ടാക്കിയതാണ് ആ ശിൽപ്പം . ഇത് മലകയറ്റക്കാർക്ക് തിരിച്ചുവരാനുള്ള സൂചകം കൂടിയാണ് .

**31. Serbia**
**Tree Crown- Serbian**
**15:00 Min.**
**Dir : Predrag Todorović**

സ്മാരകശിലകളും നാഴികക്കല്ലും ഇല്ലാതെ, പടിഞ്ഞാറൻ സെർബിയയിലെ ആളുകൾക്ക് ഒരിക്കലും ജീവിതത്തിൽ മുന്നോട്ട് പോകാനാവില്ല . ഛായാചിത്രങ്ങളും ജീവചരിത്രങ്ങളും അവർ മരിച്ചതിനുശേഷമാണ് രേഖപ്പെടുത്തുക . അവർ ഒരേസമയം കർഷകരും നിഷ്കളങ്കരായ കലാകാരന്മാരും കവികളും തത്ത്വചിന്തകരും കരകൗശല വിദഗ്ധരും ഒക്കെയാണ് . അവർ നിസ്സംഗരായിരുന്നില്ല. സെർബിയൻ പ്രക്ഷോഭങ്ങൾക്കും ലോകമഹായുദ്ധങ്ങൾക്കും ഇടയിൽ, ഇബാർ - ഡ്രിന നദികൾക്കിടയിലുള്ള, റുഡ്നിക് - സ്ലാതാർ പർവതങ്ങൾക്കിടയിലുള്ള കല്ലുവെട്ടുകാർ അവരുടെ കല്ലുകളെ ശവകുടീരങ്ങളിലെ ചരിത്രസ്മാരകങ്ങളാക്കി . അങ്ങനെ കല്ലുകളിലൂടെ അവരുടെ മാതൃരാജ്യത്തിൻറെ വീരോചിത ഓർമ്മകൾ സൂക്ഷിച്ചു . ശവകുടീരശിലകളിലെ കൊത്തുപണിക്കായി ഓരോ വസന്തവും കാത്തിരിക്കുന്നു. ഇനിയും മരിക്കാൻ തയ്യാറാണ് എന്ന് ഓർമ്മക്കല്ലുകൾ ഗദ്ഗദം കൊള്ളുന്നു .

**Break**
**3 PM- 5:05 PM. 122 + Minutes**
**32. Russian Federation**
**Piblokto - English, Russian**
**37:49 Min.**
**Dir: Anastasia Shubina, Timofey Glinin**

ആർട്ടിക് സമുദ്ര തീരത്ത് , ആധുനിക ലോകത്തിൽ നിന്ന് വിച്ഛേദിക്കപ്പെട്ട ഒരു ജനത താമസിക്കുന്നു. അവർ വാൽറസുകളെയും തിമിംഗലങ്ങളെയും വേട്ടയാടിയാണ് ഭക്ഷണം കണ്ടെത്തുന്നത് . തുണ്ട്രയിൽ നിന്ന് വരുന്ന കരടികളിൽ നിന്ന് ഗ്രാമങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്നു . ഈ ചിത്രം ആഹാരത്തിൻറെയും മരണത്തിൻറെയും പരസ്പര ബന്ധിത പ്രമേയത്തിൻറെതാണ് . കടൽജീവികൾ മനുഷ്യന് ഭക്ഷണത്തിൻറെ ഉറവിടമാകുമ്പോൾ രോമ ഫാമിൽ നിന്നുള്ള മാംസാവശിഷ്ടങ്ങൾ ആർട്ടിക് കുറുക്കന്മാരുടെ ഭക്ഷണവുമാകുന്നു . മനുഷ്യ ശ്മശാനങ്ങൾ കരടികളുടെ ആഹാര ഉറവിടവുമാണ് . ഈ പ്രദേശത്തെ എല്ലാ നിവാസികളും ഭക്ഷണത്തിൻറെയും മരണത്തിൻറെയും ചാക്രികവൃത്തിയിൽ ഉൾപ്പെട്ടിരിക്കുന്നു . സിനിമയുടെ ഘടനയിൽ ഈ ചാക്രികത അർത്ഥപൂർണ്ണമായി സന്നിവേശിപ്പിച്ചിട്ടുണ്ട് .

**33. Russian Federation**
**EVSEYEV: Recognition at the cost of life- Russian**
**25 Min.**
**Dir: Andrew Ogorodnikov**

തിമോഫീ എവ്സെവീവ് (എവ്സെയേവ്) ഒരു പ്രശസ്ത നരവംശശാസ്ത്രജ്ഞനാണ് . തൻറെ ജനങ്ങളുടെ ജീവിത ചക്രത്തിലെ ആചാരങ്ങളുടെ രഹസ്യങ്ങൾ വെളിപ്പെടുത്താൻ ആദ്യം ശ്രമിച്ചവരിൽ ഒരാളാണ് എവ്സെയേവ് . അദ്ദേഹത്തിൻറെ ശേഖരങ്ങളും ഒരു നൂറ്റാണ്ട് മുമ്പ് അദ്ദേഹം ശേഖരിച്ച കൈയെഴുത്തു വസ്തുക്കളും എത്നോഗ്രാഫിക് വസ്തുക്കളും മാരി എന്ന പരമ്പരാഗത സംസ്കാരത്തിൻറെ "സുവർണ്ണ ശേഖര"മാണ് . ഇവ ഫിന്നോ-ഉഗ്രിക് സമൂഹത്തിന് മൂല്യമുള്ളതാണ് . സ്വന്തം ജീവൻ പണയപ്പെടുത്തിയാണ് അദ്ദേഹം തൻറെ പ്രാദേശിക സംസ്കൃതിയുടെ സ്വത്വം സംരക്ഷിച്ചത് . ഒടുവിൽ ഈ അന്താരാഷ്ട്ര ശാസ്ത്രജ്ഞന് , തൻറെ ജീവിതകാലത്തെ സോവിയറ്റ് ഭരണകൂടം വധശിക്ഷ എന്ന "പുരസ്കാരം" നൽകുകയാണുണ്ടായത്.

**34. Russian Federation**
**Orchestra 18 - Russian -**
**16:52 Min.**
**Dir: Sofia Evgenyevna Filatova**

ഓർക്കസ്ട്ര ഒരു ജീവനുള്ള സങ്കീർണ്ണ ജീവിയെ പോലെയാണ്. ഈ ചിത്രത്തിലെ കുട്ടികളുടെ ഓർക്കസ്ട്ര വളരുന്നത്, കൗമാരക്കാരുടെ സങ്കൽപ്പങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായാണ് . ഈ വൈരുധ്യം ആൺകുട്ടികൾ തമ്മിലുള്ള ആശയവിനിമയത്തിൽ സൃഷ്ടിപരമായ ഊർജ്ജത്തിന് ഉറവിടമായിത്തീരുന്നു . അവരുടെ സത്യസന്ധതയും ഓർക്കസ്ട്രയുടെ പക്വതയ്ക്കും പ്രൊഫഷണൽ യോജിപ്പിനും കാരണമാകുന്നു. അങ്ങനെ ആശയങ്ങളുടെ വികസ്വരത ഒരു റിഹേഴ്സലിലൂടെ നമുക്ക് കാണാനാവുന്നു .

**35. Russian Federation**
**You smell like pilaf- Russian**
**25:40 Min.**
**Dir: Margherita Kharkovskaya**

അമീർ ഒരു ഉസ്ബെക്ക് ബാലനാണ് . അവൻ വന്യ എന്ന റഷ്യൻ ആൺകുട്ടിയുമായി ചങ്ങാത്തത്തിലായി . പക്ഷേ വന്യയുടെ അമ്മ അവരുടെ സൗഹൃദത്തെ അംഗീകരിക്കുന്നില്ല. വംശീയവും വർഗീയവും ദേശീയവുമായ വിഭാഗീയത വളരുന്ന സാമൂഹിക അവസ്ഥയിലേക്ക് ഈ ചിത്രം വിരൽ ചൂണ്ടുന്നു .

**36. Venezuela, Bolivarian Republic**
**Songs for a movie, or a movie for song -**
**Spanish**
**16:45 Min.**
**Dir : German L. Ramos Briñez**

"ദ ലെജൻഡ് ഓഫ് ത്രീ ഫിംഗേഴ്സ്" എന്ന സംഗീത ആൽബം എങ്ങനെയാണ് നിർമ്മിച്ചത് വാസ്തവത്തിൽ പാട്ടുകൾ സിനിമയ്ക്ക് വേണ്ടി എഴുതിയതാണോ, അതോ പാട്ടുകൾക്കായി സിനിമ നിർമ്മിച്ചതാണോ എന്ന വിരോധാഭാസത്തെ അന്വേഷിക്കുന്നതാണ് ഈ ചിത്രം . സംഗീതം ഒരു സിനിമാറ്റോഗ്രാഫിക് കഥയുടെ ഗതി നിർണ്ണയിക്കുന്നു .

**Break**

**6 PM - 8 PM. 115+ Minutes**
**37. Spain**
**The Masked Pyrenees-Catalan, French,**
**Spanish**
**52:21 Min.**
**Dir: Domingo Moreno**

ശൈത്യകാലത്ത്, പൈറീനി കാർണിവലിൻറെ താളമേളങ്ങളും മുഖംമൂടി നൃത്തങ്ങളും മഞ്ഞുമൂടിയ പർവ്വത നിരയിൽ ആഘോഷിക്കുന്നു . പ്രാകൃത സങ്കൽപ്പങ്ങളുടെ പ്രതിഫലനം കൂടിയാണിത് . അവ ചിന്തയിലും പ്രകൃതിയുടെ സുപ്രധാന

താളത്തിലും ബന്ധിതമാണ് . പല പർവതഗ്രാമങ്ങളിലും ഇന്നും നിലനിൽക്കുന്ന കാർണിവൽ ആചാരങ്ങൾ കാണാൻ മുഖമൂടികൾ യാത്ര ചെയ്യുന്നു. അരഗോൺ, നവാരേ, അൻഡോറ, ഫ്രഞ്ച് ബാസ്ക് , കിഴക്കൻ ഫ്രഞ്ച് പൈറനീസിലെ റൂസിലോൺ മേഖല എന്നിവിടങ്ങളിലെ വിവിധ താഴ്‌വരകളിലൂടെയുള്ള യാത്രയാണിത്.

**38. Turkey**
**The Golden Girls of Etrim -Turkish**
**16:02 Min.**
**Dir: Eren Aybars ARPACIK**

ബോഡ്രമിലെ എട്രിം വില്ലേജിൽ താമസിക്കുന്ന സ്ത്രീകൾ തലമുറകളായി പരവതാനി നെയ്യുന്നു. 87-കാരിയായ മുത്തശ്ശി ഗുൽസൂം നെയ്ത പരവതാനിയിലും ജീവിതകഥയുണ്ട് . 65 വയസ്സുള്ള മകൾ ഉമ്മുഹാൻ പരവതാനിപ്പണി ഏറ്റെടുത്ത് വീടിൻറെ ഭാരം ചുമക്കുമ്പോൾ, ഗുൽസുവിന്റെ പ്രാരാബ്ധങ്ങൾ ഒഴിയുന്നു . ഉമ്മുഹാ ൻറെ മകൾ ബെൽജിൻ, തൻറെ മൂന്നു പെൺമക്കളെ 32 വയസ്സുള്ളപ്പോൾ തന്നെ പരിപാലിച്ചുതുടങ്ങി . അവൾ തൻറെ കൊച്ചു പെൺമക്കളെ പരവതാനി നെയ്യാൻ പഠിപ്പിക്കുന്നു. ഈ മൂന്നു സ്ത്രീകളുടെയും ജീവിതം അവർ നെയ്യുന്ന പരവതാനികളിലെ ഊടും പോലെ പരസ്പരം ബന്ധിതമാണ് .

**39. Italy**
**Asa Nisi Masa – Italian**
**8:49 Min.**
**Dir: Saverio Tufano**

ഈ ഹ്രസ്വചിത്രം ഫെഡറിക്കോ ഫെല്ലിനിയുടെ പ്രശസ്തമായ 8 1/2 എന്ന സിനിമയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതാണ്. സിനിമയിലെ പ്രതീകാത്മക സീനുകളിൽ ഒന്നിനെ ഇത് പ്രതിനിധീകരിക്കുന്നു. 1960-കളിലേത് പോലെത്തന്നെ ദൃശ്യവും ഒരുക്കിയിരിക്കുന്നു .

**40. Iran**
**Unfinished Man - English, Persian**
**29:05 Min.**
**Dir: Nima Gholizadegan**

സിറ്റിസൺ കെയ്ൻ പോലുള്ള വിഖ്യാത സിനിമകളെടുത്ത ഓർസൺ വെൽസ് എന്ന വിശ്വചലച്ചിത്ര സംവിധായകനെ കുറിച്ചാണ് ഈ ചിത്രം പറയുന്നത്. അപൂർണമായ ദൃശ്യങ്ങളും അദ്ദേഹത്തിൻറെ വ്യക്തിത്വവും അനാവരണം ചെയ്യുന്നു .

**41. Turkey**
**SAGU - English, Turkish**
**9:17 Min.**
**Dir: Anıl Işılak**

2023 ഫെബ്രുവരി 6 ന് തുർക്കിയിലും സിറിയയിലും ഉണ്ടായ ഭൂകമ്പത്തിൽ ജീവൻ നഷ്ടപ്പെട്ട ജനങ്ങളുടെ നിത്യ സ്മരണയ്ക്കായി സമർപ്പിച്ചിരിക്കുന്ന ഡോക്യുമെന്ററി .

★ ★ ★






ഫിലിം വിഷൻ
INTERNATIONAL FOLKLORE SHORT - DOCUMENTARY FILM FESTIVAL
PUBLISHED BY FILCA FILM SOCIETY
കേരള ഭാഗ്യക്കുറി



കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനം –
ഓർമ്മകളുടെ ഓളങ്ങൾ പരമ്പര ഭാഗം 2



# സിനിമയ്ക്കായി തിളച്ചുമറിഞ്ഞ കാലം

ഇ.ജെ. ജോസഫ്, ദർശന ഫിലിം സൊസൈറ്റി, കട്ടപ്പന

**1979** ഒടുവിൽ മലയോര പ്രദേശമായ കട്ടപ്പനയിൽ ഞങ്ങൾ ഫിലിം സൊസൈറ്റി പ്രവർത്തനം തുടങ്ങുമ്പോൾ കേരളമെമ്പാടും പ്രചോദിപ്പിക്കുന്ന ഒരന്തരീക്ഷമുണ്ടായിരുന്നു. സത്യജിത് റായ് മുതൽ അവ്താർ കൗൾ വരെ ഉണർത്തിവിട്ട നവ ചലച്ചിത്രാവബോധം, സ്വയംവരം മുതൽ അഗ്രഹാരത്തിൽ കഴുത വരെ പടർത്തിയ സിനിമാവേശം, നിർമ്മാല്യവും കൊടിയേറ്റവും തമ്പും വിദേശമേളകളെ ഇളക്കുന്ന വാർത്തകൾ, തിരുവനന്തപുരത്തും തൃശൂരിലും കാസറഗോഡും ലോക ക്ലാസിക്കുകൾ പ്രദർശിപ്പിച്ചു മുന്നേറുന്ന ഫിലിം സൊസൈറ്റികൾ.... ഒരു ഫിലിം സൊസൈറ്റി രൂപീകരണത്തിൽ കുറഞ്ഞൊന്നും ആ കാലത്തിന് ഞങ്ങൾക്ക് നൽകാനുണ്ടായിരുന്നില്ല !
ഞങ്ങൾ എന്നു പറഞ്ഞാൽ ഇരുപതു തികയാത്തവർ, ലോകം കാണാത്തവർ, ഹൈറേഞ്ചിൽ സൗകര്യമില്ലാത്തതിനാൽ കോളജ് വിദ്യാഭ്യാസം വിലക്കപ്പെട്ടവർ, ചെറുപ്പത്തിലെ എന്തെങ്കിലും ജോലി തേടാൻ നിർബന്ധിതരായവർ.

പക്ഷേ ശ്രമിച്ചുതുടങ്ങിയപ്പോഴാണറിഞ്ഞത് മുൾവഴികളിലൂടെയുള്ള യാത്രക്കാണൊരുങ്ങുന്നതെന്ന്!

ഒരു ഫിലിം സൊസൈറ്റിക്ക് പ്രവർത്തിക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങളൊന്നുമുള്ളയിടമായിരുന്നില്ല ഹൈറേഞ്ച്. ഏറിയ പങ്ക് പ്രിന്റുകളും വരുന്നത് അന്യസംസ്ഥാനങ്ങളിലെ നഗരങ്ങളിൽ നിന്ന് - എന്നാൽ റെയിൽവേ സ്റ്റേഷൻ 110 കിലോമീറ്റർ അകലെ. എസ്.റ്റി.ഡി. സൗകര്യമോ, കെ.എസ്.ആർ.ടി.സി. സർവ്വീസ് പോലുമോ ഇല്ല. എങ്കിലും ഒരു പരിമിതിയും മരവിപ്പിച്ച് നിർത്തിയില്ല; ആവേശം ലഹരിയായി മുമ്പോട്ടുനയിച്ചു. അങ്ങിനെ തിയേറ്ററിൽ തുടർച്ചയായി ക്ലാസിക്കുകളുടെ പ്രദർശനം, പട്ടണങ്ങളെപോലും പിന്നിലാക്കി ചലച്ചിത്രമേളകൾ, സിനിമ ക്ലാസ്സുകൾ...

വിദൂരപട്ടണങ്ങളിൽ നിന്ന് ട്രെയിൻ മാഗ്ഗം പ്രിന്റ് വരുത്തി 110 കി.മി. അകലെയുള്ള റെയിൽവേ സ്റ്റേഷനിൽ ചെന്ന് കളക്ട് ചെയ്ത്,




ലൈൻബസ്സിന്റെ മുകളിൽ 30 കിലോയോളം ഭാരമുള്ള ആ തകരപ്പെട്ടി കയറ്റി സിനിമയോടിച്ച് അടുത്ത ദിവസം പുലർച്ചെ അതേ മാർഗ്ഗത്തിലൂടെ പ്രിൻറ് തിരിച്ചയക്കുന്നതിന്റെ ബദ്ധപ്പാട് ഓർക്കുക! 1980 ജൂണിലെ പ്രദർശനത്തിന് മദ്രാസിൽ കൊളംബിയ പിക്ചേഴ്സിൽ നിന്ന് ബുക്കുചെയ്ത ചിത്രം പ്രദർശിപ്പിക്കാൻ കഴിഞ്ഞത് അഞ്ചോ ആറോ മാസം കഴിഞ്ഞാണ്. കോട്ടയം റെയിൽവേ സ്റ്റേഷനിൽ വരേണ്ട പ്രിന്റ് അടങ്ങിയ തകരപ്പെട്ടി മറ്റേതൊ സ്റ്റേഷനിൽ ഇറക്കി, അവിടെ പൊടിപിടിച്ച് മാസങ്ങളോളം കിടന്നതാണ് കാരണം. ഇങ്ങിനെ വരുമ്പോൾ മറ്റൊരു പ്രിൻറ് പകരം സംഘടിപ്പിക്കണമെങ്കിൽ കൊല്ലത്തിനൊ, എറണാകുളത്തിനൊ പോകണം. കൊല്ലത്ത് നിന്ന് കോട്ടയത്ത് വന്ന് ബസ് മാറി സ്ഥലത്തെത്തുമ്പോഴേക്കും പ്രദർശനസമയം കഴിഞ്ഞിരിക്കും.



എറണാകുളത്തുനിന്നാണെങ്കിൽ കട്ടപ്പനക്കുള്ള ഒരേ ഒരു ബസ് ഉച്ചയോടെ തിരിക്കും. അതുപോന്നാൽ കോട്ടയത്ത് വന്ന് വേറെ ബസിനുവേണം വരാൻ. കൂട്ടത്തിലുള്ളത് 30 കിലോ ഭാരവും രണ്ടു പേർ പിടിക്കേണ്ട വലിപ്പവുമുള്ള തകരപ്പെട്ടിയാണ്! അത് ബസ്സിനകത്ത് കയറ്റില്ല. മുകളിൽ കയറ്റുകയും ഇറക്കുകയും ചെയ്യണമെങ്കിൽ നല്ല മെയ് വഴക്കമുള്ള പോർട്ടർമാർതന്നെ വേണം.


മറ്റൊരു ഊരാക്കുടുക്കുണ്ട്. മഴക്കാലമായാൽ കോട്ടയം - കട്ടപ്പന റൂട്ടിലുള്ള ചപ്പാത്ത് പാലത്തിൽ വെള്ളം കയറിയാൽ ദിവസങ്ങളോളം തപാൽ വരാറില്ല.




അങ്ങിനെ ചിലപ്പോൾ റെയിൽവേ വേബിൽ അടങ്ങിയ കവർ യഥാസമയം ലഭിക്കില്ല. പ്രിൻറ് കിട്ടണമെങ്കിൽ മുദ്രപ്പത്രത്തിൽ ബോണ്ട് വയ്ക്കണം. അപരിചിത നഗരമായ കോട്ടയത്തുനിന്ന് ഒരു സാക്ഷിയെ ഒപ്പിക്കുന്ന പാട് ! ഒക്കെ ചെയ്താലും റെയിൽവേ ഉദ്യോഗസ്ഥർ അധികാരശക്തി പ്രകടിപ്പിച്ച് പീഡിപ്പിക്കാൻ കിട്ടുന്ന അവസരം നഷ്ടപ്പെടുത്താറില്ല!
അപ്പോഴും എളുപ്പം ലഭ്യമായ ഏതേലും പ്രിൻറുകൾ വരുത്തി പ്രദർശനം ആയാസരഹിതമാക്കാൻ ശ്രമിച്ചതേയില്ല. കുറോസോവയുടെ ദർസു ഉസാല, അവതാർ കൗളിന്റെ 27 ഡൗൺ, ഹിച്ച്കോക്കിന്റെ ഡയൽ എം ഫോർ മർഡർ, ഭൂമിക, ഘടശ്രാദ്ധ, റഷ്യൻ ചിത്രം ലിബറേഷൻ, ഹെലൻ ഓഫ് ട്രോയ്, മാർട്ടിൻ സ്കോർസേസിയുടെ ടാക്സി ഡ്രൈവർ തുടങ്ങിയവയൊക്കെ ആദ്യ വർഷം തന്നെ പ്രദർശിപ്പിച്ചു.

1984 ജനുവരിയിൽ നടന്ന ആദ്യ ചലച്ചിത്രമേളയിലെ ചിത്രങ്ങൾ നോക്കുക: ബാറ്റിൽഷിപ്പ് പൊട്ടംകിൻ, ദി കിഡ്, സ്കെയർക്രോ, കാമുഫ്ലാഷ്, സുവർണ്ണരേഖ,

കാഞ്ചനസീത - എല്ലാം 35 എം. എം. പ്രിൻറുകൾ, വിതരണക്കാർ ചെന്നെയിലും കൽക്കത്തയിലും ദൽഹിയിലുമുള്ള വലിയ വിതരണകമ്പനികൾ. .... ഫെല്ലിനിയെയും കുറോസോവയെയും സനൂസിയെയും ആന്ദ്രേ വായ്ദയേയും സത്യജിത് റായിയെയും ഹിച്ച്കോക്കിനെയും ഇവിടുത്തുകാർ കണ്ടുതുടങ്ങുന്നത് കൊട്ടകയുടെ വിശാലതയിലിരുന്നാണ് - എൺപതുകളിൽ. സംഘം ചേരാൻ സമാനഹൃദയരും പൈസ തന്ന് സഹായിക്കാൻ നാട്ടുകാരുമുണ്ടായിരുന്നു. ഓടാൻ ഞങ്ങൾക്ക് ചോരത്തിളപ്പും ഏത് പർവതങ്ങളെയും നീക്കം ചെയ്യാമെന്ന ആത്മവിശ്വാസമുണ്ടായിരുന്നു...
വീടുവീടാന്തരം കയറി നോട്ടീസുകൊടുത്ത് 2 രൂപ വീതം മാസവരി പിരിച്ചായിരുന്നു അന്ന് പ്രവർത്തനം. മല കയറി വീടുകളിൽ ചെന്ന് അറിയിപ്പ് നൽകി മാസവരി പിരിച്ചിരുന്നതുകൊണ്ട് മരം കോച്ചുന്ന തണുപ്പുകാലത്തും അംഗങ്ങൾ പ്രദർശനത്തിന് വരികയും ഒട്ടും മനസ്സിലാകാത്ത, സബ്ടൈറ്റിൽ പോലുമില്ലാത്ത സിനിമയാണെങ്കിലും


chalachithra
Girija, Kailas Road,
Poojappura, Trivandrum-695 012
Phone: 67575, 73738

26th March, 1989

CHALACHITHRA Award

This is to certify that the CHALACHITHRA award carrying cash prize of Rs. 1,001/- for the best film society in Kerala for the year 1987-88 is awarded to DARSANA FILM SOCIETY, Kattappana

Wishing DARSANA every success.

[K N G KAIMAL]
President

[V K NARAYANAN]
Secretary

affiliated to federation of film societies of india

ക്ഷമയോടെ സഹകരിക്കുകയും ചെയ്തിരുന്നു.

1988 ൽ ആദ്യത്തെ സഞ്ചരിക്കുന്ന ചലച്ചിത്രമേള നടത്തിയത് പന്ത്രണ്ട് ദിവസമാണ് - എല്ലാം സിനിമാശാലകളില്ലാത്ത ഗ്രാമങ്ങളിൽ. കാമാക്ഷി ഗ്രാമത്തിൽ അമ്മ അറിയാൻ കാണാൻ ആയിരത്തിലേറെ പേരുണ്ടായിരുന്നു. എലിപ്പത്തായം പോലെയുള്ള ചിത്രങ്ങൾ ഒരു ദിവസം മുഴുവൻ തിയേറ്റർ വാടകക്കെടുത്ത് പ്രദർശിപ്പിക്കാൻ അന്ന് ധൈര്യപ്പെട്ടു.

വിനോദനികുതി രൂപത്തിൽ പഞ്ചായത്തിന്റെ ഇടങ്കോലിടലും കൊട്ടകകളുടെ പ്രദർശനസൗകര്യം നിഷേധിക്കലും മടുപ്പിച്ചില്ല, പരിമിതികളുടെ പാരാവാരത്തിൽ നിന്നുകൊണ്ട് നാടകം നടത്തിയും ബാങ്ക് ലോൺ എടുത്തും 16 എം. എം. പ്രൊജക്ടർ വാങ്ങി, നാഷണൽ ഫിലിം ആർകൈവിൽ അംഗത്വമെടുത്ത് സിനിമയെ ഗ്രാമങ്ങളിലേക്കും തെരുവിലെ ഇരുട്ടുമൂലകളിലേക്കും എത്തിച്ചാണ് പ്രതികരിച്ചത്. ദർശന സിനിമയോടിക്കാത്ത ഗ്രാമങ്ങളില്ല, ഹൈറേഞ്ചിൽ. എങ്കിലും തൊണ്ണൂറുകൾക്കൊടുവിൽ എംബസികൾ പൂട്ടപ്പെട്ടുതുടങ്ങിയപ്പോൾ ശരിക്കും പ്രതിസന്ധിയായി. തിയേറ്ററുകൾ ലഭിക്കാതെയുമായി. അതിജീവിക്കാൻ നാടകത്തെ ഞങ്ങൾ കൂട്ടുപിടിക്കുന്നതപ്പോഴാണ്. ഡോ.സുകുമാർ അഴിക്കോടിന്റെ പ്രഭാഷണ പരിപാടിക്ക് നാല് തവണ ആതിഥ്യം വഹിച്ചും സംസ്ഥാന ആദിവാസി കലോത്സവം പോലെയുള്ള പരിപാടികൾ സംഘടിപ്പിക്കാൻ നേതൃത്വം നൽകിയും നാടകോത്സവങ്ങൾ സംഘടിപ്പിച്ചും അടിത്തറ കൂടുതൽ വിപുലപ്പെടുത്തി.

പിന്നീട് എൽ.സി.ഡി. പ്രൊജക്ടർ വ്യാപകമായി, ബീമാപള്ളിയിൽ ചെന്നാൽ ഏതു പ്രിയചിത്രവും ലഭിക്കുമെന്നായി.

ഇന്റർനെറ്റിന്റെ അനന്ത സാധ്യതാ ലോകം മിഴി തുറന്നു. ആ സാദ്ധ്യതയുപയോഗിച്ച് ആഴ്ചയിലൊരു സിനിമ വീതം കുറെനാൾ പ്രദർശിപ്പിച്ചു. പക്ഷേ പഴയ പ്രേക്ഷകാവേശം പൊയ്പ്പോയി. മരം കോച്ചുന്ന തണുപ്പത്ത് മാസത്തിൽ ഒരിക്കൽ നടക്കുന്ന പ്രദർശനങ്ങൾക്കായി ഓടിക്കൂടിയിരുന്ന എൺപതുകളുടെ ആവേശം നൊസ്റ്റാൾജിയ മാത്രമായി. തിയേറ്ററുകൾ കിട്ടാനും വലിയ ബുദ്ധിമുട്ട്. ഒപ്പം ഓടാൻ ചെറുപ്പക്കാരാരും ഈ വഴി വരുന്നുമില്ല... IFFK ക്ക് ഓടിയെത്തുന്ന യുവാക്കൾ അതാതിടങ്ങളിലെ ഫിലിം സൊസൈറ്റി പ്രവർത്തനത്തിലിടപെടാൻ മെനക്കെടുന്നേയില്ല. അതുകൊണ്ടുതന്നെ നാടകരംഗത്ത് കൂടുതൽ ഇടപെടാൻ ഇപ്പോൾ ശ്രമിക്കുന്നു. 2012 ലെ ദേശിയ നാടകോത്സവത്തിലും അന്താരാഷ്ട്ര നാടകോത്സവത്തിലും ദർശനയുടെ നാടകം തെരഞ്ഞെടുക്കപ്പെട്ടു. തോറ്റവരുടെ യുദ്ധങ്ങൾ എന്ന പേരിലുള്ള പുതിയ നാടകം പ്രേക്ഷക ശ്രദ്ധ നേടിക്കൊണ്ടിരിക്കുന്നു.

സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിൽ കാലഹരണപ്പെട്ട് കിടക്കുന്ന പഴയ കമ്യൂണിറ്റി ഹാളുകൾ സിനിമയ്ക്ക് യോജിക്കും വിധം



നവീകരിച്ച് ലഭ്യമാക്കാൻ നീക്കം നടന്നെങ്കിൽ എന്നാശിച്ചുപോകുന്നു. തിയേറ്ററിലും ഒ.ടി.ടിയിലും എത്താത്ത സമാന്തര ചിത്രങ്ങൾക്ക് ഫിലിം സൊസൈറ്റികളേ പ്ലാറ്റ്ഫോമായുള്ളൂ. മാതൃകാപരമായ സാംസ്കാരിക പ്രവർത്തനമെന്തെന്ന് കാണിച്ചുകൊടുക്കാനും നമ്മളേയുള്ളൂ. അതുകൊണ്ടാണ് എൺപതുകളിൽ സജീവമുണ്ടായിരുന്ന മുന്നൂറോളം ഫൈനാർട്സ് സൊസൈറ്റികളിൽ ഭൂരിഭാഗവും നിന്നുപോയപ്പോഴും അന്നത്തേതിന്റെ മൂന്നിരട്ടി ഫിലിം സൊസൈറ്റികൾ ഇപ്പോഴുമുള്ളത്. അതിലേറെയും പഴയ കാലത്തിന്റെ ക്ലേശങ്ങളിൽ വളർന്നവയാണല്ലോ!



DARSANA FILM SOCIETY
FESTIVAL OF INTERNATIONAL FILMS – 1984
സ്ക്രീനിംഗ് പ്രോഗ്രാം

തിയേററർ: സംഗീതാ, കട്ടപ്പന
സമയം: 11 A. M.

| | |
|---|---|
| 1.1.1984 | ബാററിൽഷിപ്പ് പൊട്ടെംകിൻ<br>ദി കിഡ് |
| 8.1.1984 | സുവർണ്ണരേഖ |
| 15.1.1984 | കാമൂഫ്ളാഷ് |
| 22.1.1984 | സ്കെയർക്രോ |
| 29.1.1984 | കാഞ്ചനസീത |

ദുർഘടമായ ആമസോൺ വനാന്തരങ്ങളിലൂടെ സ്വർണ്ണഖനികൾ തേടിപ്പോകുന്ന ‘അഗിറേ ദി റാത്ത് ഓഫ് ഗോഡി’ലെ പര്യവേക്ഷണ സംഘത്തെപ്പോലെയാണ് ഫിലിം സൊസൈറ്റികൾ.

പാത ദുർഘടമെങ്കിലും തളരുന്നില്ല. ലോക ക്ലാസിക്കുകൾ പ്രചരിപ്പിക്കുക എന്ന ദൗത്യം നിയോഗമായവർ കാണുന്നു. ഫിൽക്കയും ഓപ്പൺ ഫ്രെയിമും ജനസംസ്കാരയും പാഞ്ചജന്യവും ഡയലോഗും ഫാൽക്കെയും മൂവാറ്റുപുഴയും ഉൾപ്പെടെയുള്ള ഫിലിം സൊസൈറ്റികൾ ആ നിയോഗം അർത്ഥവത്തായി ഏറ്റെടുത്ത് എഴുപതുകളിലെയും എൺപതുകളിലെയും വിശുദ്ധശ്രമങ്ങൾക്ക് തുടർച്ച നൽകുന്നു.

★ ★ ★

ഫിലിം വിഷൻ

INTERNATIONAL FOLKLORE SHORT - DOCUMENTARY FILM FESTIVAL

PUBLISHED BY FILCA FILM SOCIETY



കേരള ഭാഗ്യക്കുറി


FILM VISION MONTHLY FEBRUARY 2024 RS. 2/ RNI-KER BIL/2002/8043

**Membership**

| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |


Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090




വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.

വില: ~~₹ 200~~ ₹150




★ ★ ★ ★

**13th EDITION**

സത്യജിത് റായ് യുടെ

പഥേർ പാഞ്ചലി

തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com Shop Online

| | | |
|---|---|---|
| Chief Editor | - | Dr. B. Radhakrishnan. |
| Associate Editors | - | Jyothishkumar, Girija Surendran. |
| Web & Graphic Design | - | PeerBey Software, Thrissur. |
| Circulation | - | Vinodkumar P. |
| Research | - | Meril P.L |
| Editor and Publisher | - | Sabu Sankar , General Secretary, FILCA, PB 2224, Trivandrum -10. Kerala. |